# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## വിജയപുരം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001

ഇ-മെയിൽ: doktm.ksad@kerala.gov.in

ഫോൺ : 0481-2564886

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെഎസ്എകെടിഎം/പി 12 /493/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001
തീയ്യതി: 31/03/2022
ഇ-മെയിൽ: doktm.ksad@kerala.gov.in
ഫോൺ: 0481-2564886

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വിജയപുരം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : വിജയപുരം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വിജയപുരം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെഎസ്എകെടിഎം/പി 12 /493/2022 തീയ്യതി: 31/03/2022

## കോട്ടയം ജില്ലയിലെ വിജയപുരം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ വിജയപുരം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-02-2020 മുതൽ 31-08-2020 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 26 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 15 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 09-03-2022 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.എം.എൻ.രാധാകൃഷ്ണൻ | ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ) | 03-03-2022 | 09-03-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 03-03-2022 | 09-03-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി മായാ ആർ,ഓഡിറ്റ് ഓഫീസർ(ഹ ഗ്രേ)
ശ്രീ ഷാന്റി ജോർജ് , അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി അമ്പിളി എം,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി ദർശന വി,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീ എമിൽ ടി എബ്രഹാം,സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ ആൽബിൻ സിറിയക്,ഓഡിറ്റർ
ശ്രീ ബിനീത് രാജൻ ,ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി സിസി ബേബി | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീമതി ബിന്ദു പി വി | സെക്രട്ടറി | 01-04-2019 | 08-01-2020 |
| ശ്രീ ബിജു തോമസ് മാത്യു | സെക്രട്ടറി-ഇൻ-ചാർജ്ജ് | 09-01-2020 | 20-01-2020 |
| ശ്രീ ശ്രീകാന്ത് ടി ആർ | സെക്രട്ടറി | 20-01-2020 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ ബിജു തോമസ് മാത്യു | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2019 | 31-03-2020 |
| ശ്രീമതി റജിമോൾ പി പി | അസിസ്റ്റന്റ് എഞ്ചിനീയർ(LSGD) | 01-04-2019 | 16-07-2019 |
| ശ്രീമതി ശാലിനി ബാലകൃഷ്ണൻ | അസിസ്റ്റന്റ് എഞ്ചിനീയർ(LSGD | 16-07-2019 | 14-08-2019 |
| ശ്രീമതി രമ്യ എൻ സി | അസിസ്റ്റന്റ് എഞ്ചിനീയർ(LSGD) | 14-08-2019 | 31-03-2020 |
| ശ്രീ ഡെന്നീസ് ജോർജ് | അഗ്രിക്കൾച്ചറൽ ഓഫീസർ | 01-04-2019 | 31-03-2020 |
| ശ്രീമതി ഉമാ എസ് | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ | 01-04-2019 | 31-12-2019 |
| ശ്രീ രതീഷ് പി ആർ | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ | 01-01-2020 | 31-03-2020 |
| ശ്രീമതി അനിപ്രിയ എസ് | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2019 | 07-05-2019 |
| ശ്രീമതി അഞ്ജലി അരവിന്ദ് | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 08-05-2019 | 31-03-2020 |
| ഡോ.റെക്സൺ പോൾ | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. | 01-04-2019 | 31-03-2020 |
| ഡോ ഉമാദേവി | മെഡിക്കൽ ഓഫീസർ-ഹോമിയോ | 01-04-2019 | 31-03-2020 |

| | | | |
|---|---|---|---|
| ഡോ.മെർലിൻ അലക്സാണ്ടർ | വെറ്ററിനറി സർജൻ | 01-04-2019 | 31-03-2020 |
| ഡോ.ഡോൺ എബ്രാഹാം | മെഡിക്കൽ ഓഫീസർ-ആയുർവേദം | 01-04-2019 | 02-12-2019 |
| ഡോ.ജയരാജ് എൻ | മെഡിക്കൽ ഓഫീസർ-ആയുർവേദം | 03-12-2019 | 31-03-2020 |
| ശ്രീമതി ജയലക്ഷ്മി എൻ | ഡയറിഫാം ഇൻസ്ട്രക്ടർ | 01-04-2019 | 31-03-2020 |
| ശ്രീമതി കെ വൈ ഷംല | ഹെഡ്മിസ്ട്രസ് | 01-04-2019 | 31-03-2020 |
| ശ്രീമതി പ്രീതി സി | സബ്ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 01-04-2019 | 31-03-2020 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്-വിശകലനം<br>Written By: Emil T Abraham (Senior Grade Auditor, On 08-03-2022)<br>Last Updated By: Emil T Abraham (Senior Grade Auditor, On 09-03-2022) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക- അപാകതകൾ<br>Written By: Bineeth Rajan (Auditor, On 06-03-2022)<br>Last Updated By: Bineeth Rajan (Auditor, On 09-03-2022) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: Bineeth Rajan (Auditor, On 06-03-2022)<br>Last Updated By: Sinimol Francis (Computer Assistant, On 30-03-2022) | 1-3 |
| 4 | ഫണ്ട് വിനിയോഗം<br>Written By: Bineeth Rajan (Auditor, On 05-03-2022)<br>Last Updated By: Sinimol Francis (Computer Assistant, On 30-03-2022) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: Maya R (Audit Officer, On 10-03-2022)<br>Last Updated By: Sinimol Francis (Computer Assistant, On 30-03-2022) | 1-5 |
| 6 | മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പുപദ്ധതി<br>Written By: Emil T Abraham (Senior Grade Auditor, On 08-03-2022)<br>Last Updated By: Sinimol Francis (Computer Assistant, On 31-03-2022) | 1-6 |
| 7 | സാമൂഹ്യക്ഷേമ പദ്ധതികൾ<br>Written By: Emil T Abraham (Senior Grade Auditor, On 09-03-2022)<br>Last Updated By: Emil T Abraham (Senior Grade Auditor, On 09-03-2022) | 1-7 |
| 8 | ക്യാഷ് പരിശോധന<br>Written By: Bineeth Rajan (Auditor, On 04-03-2022)<br>Last Updated By: Sinimol Francis (Computer Assistant, On 30-03-2022) | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണ സംവിധാനം<br>Written By: Maya R (Audit Officer, On 13-03-2022)<br>Last Updated By: Sinimol Francis (Computer Assistant, On 30-03-2022) | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Bineeth Rajan (Auditor, On 06-03-2022)<br>Last Updated By: Sinimol Francis (Computer Assistant, On 30-03-2022) | 1-10 |
| 11 | രസീത് പരിപാലനം അപാകതകൾ<br>Written By: Bineeth Rajan (Auditor, On 09-03-2022)<br>Last Updated By: Sinimol Francis (Computer Assistant, On 30-03-2022) | 1-11 |
| 12 | ക്ലോസ് ചെയ്ത ട്രഷറി അക്കൗണ്ടിൽ പണം ക്രെഡിറ്റായിരിക്കുന്നു.<br>Written By: Bineeth Rajan (Auditor, On 09-03-2022)<br>Last Updated By: Sinimol Francis (Computer Assistant, On 30-03-2022) | 1-12 |
| 13 | ബാങ്ക് അക്കൗണ്ടിലെ വിനിമയവിവരങ്ങൾ ലഭ്യമല്ല<br>Written By: Bineeth Rajan (Auditor, On 09-03-2022)<br>Last Updated By: Sinimol Francis (Computer Assistant, On 30-03-2022) | 1-13 |
| 14 | ജില്ലാ പഞ്ചായത്ത്,ബ്ലോക്ക് പഞ്ചായത്ത് വിഹിതങ്ങൾ ചെലവഴിച്ചിട്ടില്ല.<br>Written By: Bineeth Rajan (Auditor, On 09-03-2022)<br>Last Updated By: Sinimol Francis (Computer Assistant, On 30-03-2022) | 1-14 |
| 15 | ഇലക്ഷൻ ഡെപ്പോസിറ്റ് - നീക്കിയിരിപ്പ് നിലനിൽക്കുന്നു<br>Written By: Bineeth Rajan (Auditor, On 09-03-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 31-03-2022) | 1-15 |
| 16 | വസ്തുനികുതി നിർണ്ണയം -തറവിസ്തീർണ്ണം കുറവായി നിർണ്ണയിച്ചു.<br>Written By: Darsana V (Senior Grade Auditor, On 09-03-2022)<br>Last Updated By: Sinimol Francis (Computer Assistant, On 30-03-2022) | 1-16 |
| 17 | മൊബൈൽ ടെലഫോൺ ടവറുകളുടെ വസ്തുനികുതി കുടിശ്ശിക അവശേഷിക്കുന്നു. | 1-17 |

| | | |
|---|---|---|
| | Written By: Darsana V (Senior Grade Auditor, On 09-03-2022)<br>Last Updated By: Sinimol Francis (Computer Assistant, On 31-03-2022) | |
| 18 | ഒറ്റത്തവണ കെട്ടിടനികുതി - സർക്കാർ നിർദ്ദേശം പാലിക്കേണ്ടതാണ്.<br>Written By: Darsana V (Senior Grade Auditor, On 09-03-2022)<br>Last Updated By: Sinimol Francis (Computer Assistant, On 31-03-2022) | 1-18 |
| 19 | വസ്തുനികുതി കുടിശ്ശിക അവശേഷിക്കുന്നു.<br>Written By: Darsana V (Senior Grade Auditor, On 09-03-2022)<br>Last Updated By: Sinimol Francis (Computer Assistant, On 31-03-2022) | 1-19 |
| 20 | തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.<br>Written By: Darsana V (Senior Grade Auditor, On 09-03-2022)<br>Last Updated By: Sinimol Francis (Computer Assistant, On 31-03-2022) | 1-20 |
| 21 | വ്യവസായങ്ങൾക്കും വ്യാപാര-ഫാക്ടറി സംരംഭക പ്രവർത്തനങ്ങൾക്കും ലൈസൻസ് നൽകൽ - അപാകതകൾ<br>Written By: Emil T Abraham (Senior Grade Auditor, On 09-03-2022)<br>Last Updated By: Sinimol Francis (Computer Assistant, On 31-03-2022) | 1-21 |
| 22 | മൊബൈൽ ടവർ - ക്രമവൽക്കരിച്ച് നൽകുകയോ അനധികൃത നിർമ്മാണമായി തീർപ്പാക്കുകയോ ചെയ്തിട്ടില്ല<br>Written By: Emil T Abraham (Senior Grade Auditor, On 10-03-2022)<br>Last Updated By: Sinimol Francis (Computer Assistant, On 31-03-2022) | 1-22 |
| 23 | പെർമിറ്റ് സംബന്ധമായ അപാകതകൾ<br>Written By: Emil T Abraham (Senior Grade Auditor, On 10-03-2022)<br>Last Updated By: Sinimol Francis (Computer Assistant, On 31-03-2022) | 1-23 |
| 24 | ജി ഒ പ്രൊജക്റ്റുകൾ പ്രകാരമുള്ള റിക്കവറി- പഞ്ചായത്തിന് ബാദ്ധ്യയില്ലാത്ത തുകകൾ -നടപടി സ്വീകരിച്ചില്ല<br>Written By: Maya R (Audit Officer, On 12-03-2022)<br>Last Updated By: Sinimol Francis (Computer Assistant, On 31-03-2022) | 1-24 |
| 25 | തെരുവുവിളക്ക് AMC & റിപ്പയറിങ്ങ് -സർക്കാർ നിർദ്ദേശപ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ചില്ല<br>Written By: Maya R (Audit Officer, On 11-03-2022)<br>Last Updated By: Sinimol Francis (Computer Assistant, On 31-03-2022) | 1-25 |
| 26 | തെരുവുവിളക്ക് വാങ്ങൽ-വിതരണവിവരം ലഭ്യമായില്ല<br>Written By: Maya R (Audit Officer, On 12-03-2022)<br>Last Updated By: Sinimol Francis (Computer Assistant, On 31-03-2022) | 1-26 |
| 27 | സ്ട്രീറ്റ് ടാപ്പുകളുടെ വാട്ടർചാർജ് - വാട്ടർ അതോറിറ്റിഡിമാന്റ് ചെയ്ത കുടിശിക തുകയുടെ കൃത്യത സംബന്ധിച്ച് അന്വേഷണം നടത്തിയില്ല.<br>Written By: Maya R (Audit Officer, On 11-03-2022)<br>Last Updated By: Sinimol Francis (Computer Assistant, On 31-03-2022) | 1-27 |
| 28 | പട്ടികവർഗവിഭാഗത്തിൽപെട്ട വിദ്യാർത്ഥികൾക്ക് യൂണിഫോം-സർക്കാർ നിർദ്ദേശം പാലിച്ചില്ല<br>Written By: Maya R (Audit Officer, On 12-03-2022)<br>Last Updated By: Sinimol Francis (Computer Assistant, On 31-03-2022) | 1-28 |
| 29 | കരാർ അടിസ്ഥാനത്തിൽ നിയമിച്ചിട്ടുള്ള ജീവനക്കാർക്ക് സേവന പുസ്തകം പരിപാലിക്കാതെ ആർജിതാവധി സറണ്ടർ അനുവദിച്ചു<br>Written By: Emil T Abraham (Senior Grade Auditor, On 10-03-2022)<br>Last Updated By: Sinimol Francis (Computer Assistant, On 31-03-2022) | 1-29 |
| 30 | പഞ്ചായത്ത് ജീപ്പിന്റെ ലോഗ് ബുക്ക് - അപാകതകൾ<br>Written By: Emil T Abraham (Senior Grade Auditor, On 10-03-2022)<br>Last Updated By: Sinimol Francis (Computer Assistant, On 31-03-2022) | 1-30 |
| 31 | സർവ്വീസ് പെൻഷൻ/കുടുംബപെൻഷൻ കൈപ്പറ്റുന്നവർ അനർഹമായി സാമൂഹ്യ സുരക്ഷാപെൻഷൻ തുകയും കൈപ്പറ്റി<br>Written By: Emil T Abraham (Senior Grade Auditor, On 09-03-2022)<br>Last Updated By: Sinimol Francis (Computer Assistant, On 31-03-2022) | 1-31 |

| | | |
|---|---|---|
| 32 | മരണപ്പെട്ടവരുടെ പേരിലുള്ള ക്ഷേമപെൻഷൻ മരണ തീയതിക്ക ശേഷമുള്ള മാസങ്ങളിലും പെൻഷണറുടെ ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തു<br>Written By: Emil T Abraham (Senior Grade Auditor, On 09-03-2022)<br>Last Updated By: Sinimol Francis (Computer Assistant, On 31-03-2022) | 1-32 |
| 33 | കോടതി വ്യവഹാരങ്ങളുടെ നടത്തിപ്പ് നിരീക്ഷിക്കാൻ സംവിധാനമില്ല - സ്യൂട്ട് രജിസ്റ്റർ-കാലികമായും കൃത്യമായും എഴുതി സൂക്ഷിച്ചിട്ടില്ല<br>Written By: Emil T Abraham (Senior Grade Auditor, On 09-03-2022)<br>Last Updated By: Sinimol Francis (Computer Assistant, On 31-03-2022) | 1-33 |
| 34 | അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ മരാമത്ത് പ്രവൃത്തികളിൽ സമയപരിധിക്കുള്ളിൽ കരാർ വയ്ക്കുന്നതിൽ വീഴ്ച<br>Written By: Ambily M (Asst. Audit Officer, On 10-03-2022)<br>Last Updated By: Sinimol Francis (Computer Assistant, On 31-03-2022) | 1-34 |
| 35 | അസി.എഞ്ചിനീയറുടെ പേരിലുള്ള അക്കൗണ്ടുകളിലെ വിനിമയം കൃത്യമാക്കുക<br>Written By: Ambily M (Asst. Audit Officer, On 10-03-2022)<br>Last Updated By: Sinimol Francis (Computer Assistant, On 31-03-2022) | 1-35 |
| 36 | കാലി ബാരലുകളുടെ വിലയിൽ നിന്നും ജി എസ് ടി വിഹിതം ബന്ധപ്പെട്ട അക്കൗണ്ടിലേയ്ക്ക് അടവാക്കുന്നില്ല<br>Written By: Ambily M (Asst. Audit Officer, On 10-03-2022)<br>Last Updated By: Sinimol Francis (Computer Assistant, On 31-03-2022) | 1-36 |
| 37 | ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്ത വ്യക്തികൾക്ക് ആനുകൂല്യം നൽകിയിരിക്കുന്നു<br>Written By: Albin Cyriac (Auditor, On 10-03-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 31-03-2022) | 1-37 |
| 38 | വിവിധ ഏജൻസികളിലെ നിക്ഷേപപ്രവൃത്തികൾ - വിനിയോഗവിവരം ലഭ്യമായില്ല<br>Written By: Maya R (Audit Officer, On 10-03-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 31-03-2022) | 1-38 |
| 39 | തൊഴിലുറപ്പ് പദ്ധതി - സാമൂഹ്യ ആസ്തികളുടെ നിർമ്മാണ പ്രവൃത്തികൾക്കുള്ള സാധനസാമഗ്രികൾ -ആർജിക്കുന്നതിൽ വീഴ്ച<br>Written By: Emil T Abraham (Senior Grade Auditor, On 09-03-2022)<br>Last Updated By: Sinimol Francis (Computer Assistant, On 31-03-2022) | 1-39 |
| 40 | മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി - അപാകതകൾ<br>Written By: Emil T Abraham (Senior Grade Auditor, On 09-03-2022)<br>Last Updated By: Sinimol Francis (Computer Assistant, On 31-03-2022) | 1-40 |
| 41 | തൊഴിലുറപ്പുപദ്ധതി - എം ബുക്കിൽ അധികമായി അളവ് രേഖപ്പെടുത്തി കൂടുതൽ തുക അനുവദിച്ചു<br>Written By: Emil T Abraham (Senior Grade Auditor, On 09-03-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 31-03-2022) | 1-41 |
| 42 | സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് സ്ഥാപിക്കൽ - അപാകതകൾ<br>Written By: Emil T Abraham (Senior Grade Auditor, On 09-03-2022)<br>Last Updated By: Sinimol Francis (Computer Assistant, On 31-03-2022) | 1-42 |
| 43 | കന്നുകുട്ടി പരിപാലന പദ്ധതി- അപാകതകൾ<br>Written By: Bineeth Rajan (Auditor, On 09-03-2022)<br>Last Updated By: Sinimol Francis (Computer Assistant, On 31-03-2022) | 1-43 |

ഭാഗം **2**

--- No Records Found ---

ഭാഗം **3**

--- No Records Found ---

| ഭാഗം 4 | | |
|---|---|---|
| 1 | വാർഷിക ധനകാര്യ പത്രിക-ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം<br>Written By: Bineeth Rajan (Auditor, On 04-03-2022)<br>Last Updated By: Bineeth Rajan (Auditor, On 04-03-2022) | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം<br>Written By: Bineeth Rajan (Auditor, On 04-03-2022)<br>Last Updated By: Maya R (Audit Officer, On 13-03-2022) | 4-2 |
| 3 | ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Bineeth Rajan (Auditor, On 04-03-2022)<br>Last Updated By: Sinimol Francis (Computer Assistant, On 31-03-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ്<br>Written By: Bineeth Rajan (Auditor, On 04-03-2022)<br>Last Updated By: Bineeth Rajan (Auditor, On 04-03-2022) | 4-4 |
| 5 | വായ്പ/വായ്പ തരിച്ചടവ്<br>Written By: Bineeth Rajan (Auditor, On 04-03-2022)<br>Last Updated By: Bineeth Rajan (Auditor, On 04-03-2022) | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ<br>Written By: Bineeth Rajan (Auditor, On 04-03-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 31-03-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Bineeth Rajan (Auditor, On 04-03-2022)<br>Last Updated By: Sinimol Francis (Computer Assistant, On 31-03-2022) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം<br>Written By: Bineeth Rajan (Auditor, On 05-03-2022)<br>Last Updated By: Bineeth Rajan (Auditor, On 06-03-2022) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Bineeth Rajan (Auditor, On 05-03-2022)<br>Last Updated By: Bineeth Rajan (Auditor, On 05-03-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Bineeth Rajan (Auditor, On 05-03-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 31-03-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Bineeth Rajan (Auditor, On 05-03-2022)<br>Last Updated By: Sinimol Francis (Computer Assistant, On 31-03-2022) | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1
## പൊതു അവലോകനം

### 1-1 ബജറ്റ്-വിശകലനം

2019-20 വർഷത്തെ ബജറ്റ് പഞ്ചായത്ത് ഭരണസമിതിയുടെ 15/02/2019 ലെ 1(1)-ാം നം. തീരുമാനപ്രകാരവും പുതുക്കിയ ബജറ്റ് 27/02/2020 ലെ 10(1)-ാം നം. തീരുമാനപ്രകാരവും അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള വരവ് ചെലവ് വിവരവും ധനകാര്യ പത്രിക റസീറ്റ് & പേമെന്റ് പത്രിക(R&P) പ്രകാരമുള്ള വരവ്-ചെലവ് കണക്കുകളും ചുവടെ ചേർക്കുന്നു.

| ഇനം | പ്രതീക്ഷിച്ചത് | പുതുക്കിയത് | R&P പ്രകാരം |
|---|---|---|---|
| മുന്നിരിപ്പ് | 82973427 | 86147111 | 54776586 |
| വരവ് | 163518580 | 194065080 | 75184377 |
| ആകെ | 246492007 | 280212191 | 129960963 |
| ചെലവ് | 242689680 | 228749680 | 76606070 |
| നീക്കിയിരിപ്പ് | 3802327 | 51462511 | 53354893 |

ബജറ്റ് പ്രകാരം 16.35 കോടി രൂപയുടെ പ്രതീക്ഷിത വരവും 24.26 കോടി രൂപയുടെ പ്രതീക്ഷിത ചെലവുമാണ് കണക്കാക്കിയത്. പഞ്ചായത്തിന്റെ 2019-20 ഇൻകം & എക്സ്പെൻഡിച്ചർ പത്രിക(I&E) പ്രകാരം വരുമാനം 10.33 കോടി രൂപയും ചെലവ് 10.73 കോടി രൂപയുമാണ്. 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 214-ൽ വ്യവസ്ഥ ചെയ്തിരിക്കുന്ന പ്രകാരം ആവശ്യമായ മുന്നൊരുക്കം നടത്തി ബജറ്റ് തയ്യാറാക്കാൻ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ശ്രദ്ധിക്കേണ്ടതാണ്.

### 1-2 വാർഷിക ധനകാര്യപത്രിക- അപാകതകൾ

2019-20സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1.വസ്തുനികുതിയിനത്തിൽ സഞ്ചയ – സാംഖ്യ ഡി.സി.ബി കണക്കുകൾ പൊരുത്തപ്പെടുന്നില്ല.

2.തൻവർഷ കുടിശ്ശിക തുകകൾക്ക് ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ (I-16) തൻവർഷത്തേക്കുള്ള പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല. ഇതു സംബന്ധിച്ച വർക്ക്ഷീറ്റ് തയ്യാറാക്കിയിട്ടില്ല.

3.ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. 26.7.2011 ലെ G.O(Ms)152/11/LSGD പ്രകാരം ആസ്തികൾ അക്കൗണ്ടിംഗ് നടത്തിയിട്ടില്ല. ഡിപ്രിസിയേഷൻ കണക്കാക്കുന്നതു സംബന്ധിച്ച വർക്ക് ഷീറ്റ് ലഭ്യമാക്കിയിട്ടില്ല.

4.ബാലൻസ്ഷീറ്റിൽ State Govt. Cesses/levies In Property Taxes Control Amount എന്ന ശീർഷകത്തിലുള്ള തുക ആകെ വസ്തുനികുതി കുടിശ്ശികയുടെ 5% ആയിട്ടല്ല അക്കൗണ്ട് ചെയ്തിരിക്കുന്നത്.

5.തൊഴിലുറപ്പ് പദ്ധതിയുടെ വരവ് ചെലവുകൾ വാർഷികകണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

6.ഇലക്ഷൻ ഡെപ്പോസിറ്റ് തുകകൾ വ്യത്യസ്ത ശീർഷകങ്ങളിൽ അക്കൗണ്ട് ചെയ്തതിരിക്കുന്നു.

7.മറ്റിനങ്ങൾ – റവന്യൂ ,ശീർഷകത്തിലെ തൻവർഷവരവിനം ഡെപ്പോസിറ്റ് രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല

8.കെഎസ്ഇബിയുമായി ബന്ധപ്പെട്ട അഡ്വാൻസുകൾ – പഞ്ചായത്തിലെ അഡ്വാൻസ് രജിസ്റ്റർ,വാർഷികധനകാര്യപത്രിക എന്നിവ പൊരുത്തപ്പെടുന്നില്ല.

9.തൊഴിൽനികുതി വരവുകളുമായി ബന്ധപ്പെട്ട ഡിസിബി പത്രിക തയ്യാറാക്കുന്നില്ലാത്തതിനാൽ വാർഷികധനകാര്യപത്രികയിലെ കണക്കുകളുടെ കൃത്യത പരിശോധിക്കാൻ സാധിച്ചില്ല.

8.ലൈസൻസ് വരവുകളുമായി ബന്ധപ്പെട്ട ഡിസിബി പത്രിക തയ്യാറാക്കുന്നില്ലാത്തതിനാൽ വാർഷികധനകാര്യപത്രികയിലെ കണക്കുകളുടെ കൃത്യത പരിശോധിക്കാൻ സാധിച്ചില്ല.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 54776586 |
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 75184377 |
| ആകെ | 129960963 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 76606070 |
| നീക്കിയിരിപ്പ് | 53354893 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1870668 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സഞ്ചിത നിധിയിലേക്ക് തിരികെ | % |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 18813000 | 18813000 | 10515132 | 8297868 | 55.89 |
| വികസന ഫണ്ട്-എസ്.സി.പി | 0 | 7848000 | 7848000 | 2745705 | 5102295 | 34.98 |
| വികസന ഫണ്ട്-ടി.എസ്.പി | 0 | 247000 | 247000 | 15500 | 231500 | 6.27 |
| മെയിന്റനൻസ്, റോഡ് | 0 | 12041000 | 12041000 | 4288020 | 7752980 | 35.6 |
| മെയിന്റനൻസ്, നോൺ-റോഡ് | 0 | 3987000 | 3987000 | 3160270 | 826730 | 79.26 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | 0 | 10133498 | 10133498 | 6461908 | 3671590 | 63.76 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ ഐ.സി.ഡി എസ് | 1350593 | 774797 | 2125390 | 458916 | 1666474 | |
| റ്റി എസ് സി | 1412000 | 0 | 1412000 | 12000 | 1400000 | |
| ഖരമാലിന്യനിർമ്മാർജ്ജനം | 926145 | 0 | 926145 | 879629 | 46516 | |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് ,ബ്ലോക്ക് പഞ്ചായത്ത് | 6008 | 1530820 | 1536828 | 25900 | 1510928 | |

| | | | | | | |
|---|---|---|---|---|---|---|
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് ,ജില്ലാ പഞ്ചായത്ത് | 31700 | 124950 | 156650 | 124950 | 31700 | |

1.വികസനഫണ്ടിന്റെ പൊതുവിഭാഗത്തിൽനിന്ന് 104227 രൂപ ഉറവിടത്തിൽ നിന്നും കുറവ് ചെയ്തതിനുശേഷമാണ് ഗ്രാമപഞ്ചായത്തിന് ലഭിച്ചത്. ആയതിനാൽ ടി തുക ഉൾപ്പെടെയാണ് സുലേഖ സോഫ്റ്റ്വെയറിൽ ചേർത്തിട്ടുള്ളത്. ഇപ്രകാരം സ്രോതസ്സിൽ കുറവ് ചെയ്ത തുകകൾ വാർഷികകണക്കുകളുടെ ഭാഗമായ റസീറ്റ് & പേമെന്റ് , അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ, ഗ്രാന്റ് സ്റ്റേറ്റ്മെന്റ് എന്നിവയിൽ ഉൾപ്പെട്ടിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| പ്രോജക്ട് നം/ പേര് | ചെലവ് | ഫണ്ടിനം |
|---|---|---|
| 330/19-20/കേരള ജല അതോറിട്ടിക്ക് അടയ്ക്കേണ്ട കുടിശ്ശിക തുക | 9458 | വികസനഫണ്ട് ജനറൽ |
| 331/19-20/കേരള ഇലക്ട്രിസിറ്റി ബോർഡിന് അടയ്ക്കേണ്ട കുടിശ്ശിക തുക | 8627 | വികസനഫണ്ട് ജനറൽ |
| 332/19-20/കേരള ജല അതോറിട്ടിക്ക് അടയ്ക്കേണ്ട കുടിശ്ശിക തുക | 9458 | വികസനഫണ്ട് ജനറൽ |
| 360/19-20 2018-19 ൽ അംഗനവാടി ജീവനക്കാരുടെ പ്രതിഫല ഇനത്തിൽ ഈടാക്കുന്ന തുക | 10651 | വികസനഫണ്ട് ജനറൽ |
| 361/2019-20മറ്റ് റിക്കവറികൾ അനുവദിക്കൽ | 66033 | വികസനഫണ്ട് ജനറൽ |

2.ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ വിവിധ ഫണ്ടിനങ്ങളുടെ അലോക്കേഷൻ തുകകളും ബാലൻസ് തുകകളും രേഖപ്പെടുത്തിയിട്ടുള്ളത് എ.സി.ആർ./ചെലവു പത്രികയുമായി പൊരുത്തപ്പെടുന്നില്ല. ചെലവ് തുകകൾ സുലേഖ പത്രികയുമായി പൊരുത്തപ്പെടുന്നുണ്ട്. തന്മൂലം ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വകയിരുത്തൽ , നീക്കിയിരിപ്പ് തുകകളുടെ കൃത്യത നിർണ്ണയിക്കാൻ കഴിഞ്ഞിട്ടില്ല.

മേൽ അപാകതകൾക്ക് വിധേയമായാണ് ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം (അനുബന്ധം 2) നൽകിയിരിക്കുന്നത്.

## 1-5 പദ്ധതി അവലോകനം

വിജയപുരം ഗ്രാമപഞ്ചായത്തിന്റെ 2019-20 വാർഷികപദ്ധതിയ്ക്ക് ജില്ലാ ആസൂത്രണസമിതിയുടെ 6-3-20ലെ ഉത്തരവ് നം.2707/18/DPC/DPO/KTM പ്രകാരം പുതുക്കി അംഗീകാരം ലഭിച്ചിട്ടുണ്ട്. പദ്ധതിരൂപീകരണത്തിന്റെ വിവിധ ഘട്ടങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പദ്ധതി രൂപീകരണ ഗ്രാമസഭകൾ | 27-10-18മുതൽ 9-11-18വരെ |
| വർക്കിംഗ് ഗ്രൂപ്പുകൾ യോഗം ചേർന്നത് | 15.10.2018 |
| വികസനസെമിനാർ | 24-11-18 |

2019-20 വാർഷികപദ്ധതിയുടെ ആകെ അടങ്കൽ 153940056/- രൂപയും ആകെ ചെലവ് 54211558/- രൂപയുമാണ്. ചെലവുശതമാനം 35.21%. അംഗീകാരം ലഭിച്ച 339 പ്രോജക്റ്റുകളിൽ 184 എണ്ണം മാത്രമാണ് നടപ്പാക്കാൻ സാധിച്ചത്. വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കിയ പ്രോജക്റ്റുകളുടെ വിശദാംശം സുലേഖ ചെലവ് പത്രിക പ്രകാരമുള്ളത് ചുവടെ ചേർക്കുന്നു.

| നിർവ്വഹണോദ്യോഗസ്ഥൻ | തയ്യാറാക്കിയ പ്രൊജക്റ്റിന്റെ എണ്ണം | നടപ്പാക്കിയ പ്രൊജക്റ്റുകളുടെ എണ്ണം | അടങ്കൽ | ചെലവ് | % |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 10 | 7 | 3433268 | 1453945 | 43 |
| വെറ്ററിനറി സർജൻ | 5 | 5 | 2395000 | 951797 | 40 |
| മെഡിക്കൽ ഓഫീസർ,പി എച്ച് സി | 10 | 7 | 3199000 | 2918479 | 92 |
| മെഡിക്കൽ ഓഫീസർ, ഹോമിയോ | 2 | 2 | 210000 | 210000 | 100 |
| മെഡിക്കൽ ഓഫീസർ, ആയുർവേദം | 2 | 2 | 525000 | 519576 | 99 |
| വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ | 25 | 17 | 28061479 | 7230480 | 26 |
| ഐസിഡിഎസ് സൂപ്പർവൈസർ | 8 | 5 | 4543366 | 3432916 | 76 |
| സെക്രട്ടറി | 39 | 27 | 39740827 | 8968186 | 23 |
| ഹെഡ് മാസ്റ്റർ | 5 | 5 | 850000 | 832688 | 98 |
| അസി.എഞ്ചിനീയർ | 222 | 99 | 68932216 | 26952532 | 40 |
| ഡെയറി ഫാം ഇൻസ്ട്രക്ടർ | 1 | 1 | 600000 | 252790 | 43 |
| അസി.സെക്രട്ടറി | 10 | 7 | 1449900 | 488169 | 34 |
| ആകെ | 339 | 184 | 153940056 | 54211558 | 35.21 |

വിനിയോഗലക്ഷ്യം കൈവരിച്ചില്ല- 2.58കോടി രൂപ സഞ്ചിതനിധിയിലേക്ക് തിരികെ എടുക്കപ്പെട്ടു

2019-20 കാലയളവിലെ സർക്കാർഫണ്ടുകളുടെ വിനിയോഗത്തിൽ തികഞ്ഞ അലംഭാവം പുലർത്തിയതായി കാണുന്നു. പൊതുവിഭാഗം വികസന ഫണ്ട് ചെലവഴിച്ചത് 55.89% മാത്രമാണ്. കൂടാതെ ടിഎസ് പി, റോഡ് സംരക്ഷണഗ്രാന്റ് വിനിയോഗം യഥാക്രമം 6.27%, 35.6% മാത്രമാണ്. നിർവ്വഹണ ഉദ്യോഗസ്ഥരുടെ അവലോകനയോഗങ്ങൾ ചേർന്ന് പദ്ധതി പുരോഗതി വിലയിരുത്തിയിരുന്നുവെങ്കിലും വേണ്ടത്ര ഫലപ്രദമായില്ല. തൻമൂലം പല നിർവ്വഹണ ഉദ്യോഗസ്ഥർക്കും പദ്ധതി നിർവ്വഹണത്തിൽ

വേണ്ടത്ര പുരോഗതി കൈവരിക്കുവാൻ സാധിച്ചില്ല. സെക്രട്ടറി നിർവ്വഹണോദ്യേഗസ്ഥനായി തയ്യാറാക്കിയ പ്രൊജക്റ്റുകളിൽ 23% ചെലവ് മാത്രമേ തൻവർഷം ഉണ്ടായിരുന്നുള്ളൂ. അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി തയ്യാറാക്കിയ 222 പ്രോജക്ടുകളിൽ 99എണ്ണം മാത്രമാണ് (ചെലവ് ശതമാനം 40%) തൻവർഷം നടപ്പാക്കാൻ സാധിച്ചത് എന്നത് ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മറ്റികൾ പദ്ധതിപുരോഗതി നിരീക്ഷിക്കുകയും വേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിരുന്നില്ല എന്ന് വ്യക്തമാക്കുന്നു. വിനിയോഗത്തിൽ വന്ന ജാഗ്രതക്കുറവ് മൂലം തൻവർഷം സഞ്ചിതനിധിയിലേക്ക് തിരികെ എടുക്കപ്പെട്ട സർക്കാർ ഗ്രാന്റുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | തുക |
|---|---|
| വികസനഫണ്ട് -പൊതുവിഭാഗം | 8297868 |
| എസ് സിപി | 5102295 |
| ടി എസ് പി | 231500 |
| മെയിന്റനൻസ് ഗ്രാന്റ് റോഡ് | 7752980 |
| റോഡിതര മെയിന്റനൻസ് ഗ്രാന്റ് | 826730 |
| സിഎഫ് സി ഗ്രാന്റ് | 3671590 |
| ആകെ | 25882963 |

സ്പിൽ ഓവർ പ്രോജക്ടുകൾക്കുള്ള ക്യാരി ഓവർ വിഹിതം തുടർന്ന് സർക്കാരിൽ നിന്നും ലഭിച്ചിട്ടില്ലാത്തതിനാൽ സഞ്ചിതനിധിയിലേക്ക് തിരികെ എടുക്കപ്പെട്ട 2.58 കോടി രൂപ ആത്യന്തികമായി പഞ്ചായത്തിന് നഷ്ടമായി. 2.58 കോടിയിലധികം രൂപ പഞ്ചായത്തിന്റെ ജാഗ്രതക്കുറവ് മൂലം തൻവർഷം ചെലവഴിക്കാനാവാതെ പാഴായി എന്നത് ഗൗരവത്തോടെ വിലയിരുത്തേണ്ടതും ഭാവിയിൽ വിനിയോഗലക്ഷ്യം കൈവരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്. ഭരണസമിതികളും ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മറ്റികളും പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിൽ വേണ്ടത്ര ശ്രദ്ധ പുലർത്തിയിട്ടില്ലായെന്ന് കാണുന്നു.

വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം ഫലപ്രദമല്ല

വർക്കിംഗ് ഗ്രൂപ്പുകൾ പുനസംഘടിപ്പിച്ചിരുന്നുവെങ്കിലും പലതും നിർജ്ജീവമാണെന്ന് കാണുന്നു. കൂടാതെ അംഗീകാരം ലഭിച്ച് നടപ്പിലാക്കുന്ന പ്രോജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതും മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണോദ്യോഗസ്ഥനും ഭരണസമിതിയ്ക്കും നൽകേണ്ടതും വർക്കിംഗ് ഗ്രൂപ്പുകളാണ്. എന്നാൽ ഇവ ഫലപ്രദമായി നിർവ്വഹിക്കുന്നതായി കാണുന്നില്ല. ഇക്കാര്യം ഭരണസമിതിയുടെയും സ്റ്റാന്റിംഗ്കമ്മിറ്റികളുടെയും ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-6 മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ്പദ്ധതി

തൊഴിലുറപ്പ് പദ്ധതിയുടെ 2019-20 വർഷത്തെ ലേബർ ഗ്രാമസഭ ഗ്രാമപഞ്ചായത്തിലെ എല്ലാ വാർഡുകളിലെയും തൊഴിലാളികളെയും ഉൾപ്പെടുത്തി കൂടുകയും ലേബർ ബജറ്റ് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. 2019-20 വർഷത്തെ ലേബർ ബജറ്റ് പ്രകാരം ആകെ 247 പ്രോജക്ടുകളാണ് വിഭാവനം ചെയ്തത്. സാങ്കേതികാനുമതി ലഭിച്ച 70 പദ്ധതികളിൽ 70 എണ്ണവും പൂർത്തീകരിച്ചു. 2019-20 വർഷം 19 ഗ്രാമസഭകൾ കൂടുകയും സോഷ്യൽ ഓഡിറ്റ് നടത്തുകയും റിപ്പോർട്ട് അവതരിപ്പിക്കുകയും ചെയ്തിട്ടുണ്ട്. തൻവർഷം 27353 തൊഴിൽദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു. 446 കുടുംബങ്ങൾ പദ്ധതിയുമായി സഹകരിച്ചു. മണ്ണ്, ജല സംരക്ഷണ പ്രവർത്തികളാണ് തൻവർഷം നടപ്പാക്കിയ പ്രധാന പ്രവൃത്തികൾ. 2019-20 വർഷത്തെ വരവുചെലവ് കണക്കുകളുടെ സംക്ഷിപ്തം (ക്യാഷ് ബുക്ക് പ്രകാരമുള്ളത് ) ചുവടെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 596 |

| | | | |
|---|---|---|---|
| വരവ് | 2019-20 EFMS വരവ് | 8780382 | 9329358 |
| | ക്യാഷ് വരവ് (പലിശ ഉൾപ്പടെ) | 548976 | |
| | ആകെ വരവ് | 9329358 | |
| ആകെ (മുന്നിരിപ്പും വരവും ഉൾപ്പടെ) | | | 9329954 |
| ചെലവ് | തൊഴിലാളികളുടെ വേതനം | 7938273 | 9325062 |
| | വിദഗ്ദ തൊഴിലാളികളുടെ വേതനം | 227352 | |
| | ഉപകരണ വില, വാടക | 614757 | |
| | ഭരണച്ചെലവ് (ശമ്പളം ഉൾപ്പടെ) | 544680 | |
| | ആകെ ചെലവ് | 9325062 | |
| നീക്കിയിരിപ്പ് | | | 4892 |

MNREGS ക്യാഷ് ബുക്കിലെ കണക്കുകൾ പഞ്ചായത്തിന്റെ 2019-20 വാർഷികകണക്കുമായി പൊരുത്തപ്പെടുന്നില്ല. പട്ടികയിൽ സൂചിപ്പിച്ചിരിക്കുന്ന ക്യാഷ് വരവ് തൊഴിലുറപ്പ് പദ്ധതിയുടെ ക്യാഷ് ബുക്ക് പ്രകാരമുള്ളതാണ്. ആയത് വാർഷിക കണക്ക് RP-31ലെ തുകയുമായി വ്യത്യാസപ്പെട്ടിരിക്കുന്നു. കൂടാതെ ആകെ ചെലവ് I-6, I-14(a) എന്നിവയുമായും പൊരുത്തപ്പെടുന്നില്ല. പ്രസ്തുത വ്യത്യാസത്തിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-7 സാമൂഹ്യക്ഷേമ പദ്ധതികൾ

2019-20 വർഷം വിജയപുരം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികൾക്കായി ചെലവഴിച്ച തുകയുടെ വിശദാംശം, ഗുണഭോക്താക്കളുടെ എണ്ണം എന്നിവ താഴെ ചേർത്തിരിക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 13680 | 16 |
| വാർദ്ധക്യകാലപെൻഷൻ | 13198200 | 2179 |
| കർഷകതൊഴിലാളി പെൻഷൻ | 1355400 | 224 |
| വിധവാപെൻഷൻ | 5533200 | 873 |
| 50 വയസിലധികം പ്രായമുള്ള അവിവാഹിത പെൻഷൻ | 307200 | 51 |
| വികലാംഗപെൻഷൻ | 1802200 | 301 |
| വിവാഹ ധനസഹായം | 120000 | 4 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 03.03.2022, 3.30 PM ന് അക്കൗണ്ടിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 50874 രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണ സംവിധാനം

2019-20 വർഷം ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം മെച്ചപ്പെടാനുള്ളതായി കാണുന്നു. ഗ്രാമപഞ്ചായത്തിലെ വിവിധ ഓഫീസ് ഉത്തരവുകളിലൂടെ ഓഫീസ് പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുക എന്ന ഉദ്ദേശത്തോടെ ഉത്തരവുകളിറക്കിയിരുന്നുവെങ്കിലും ആയത് വേണ്ടത്ര ഫലപ്രാപ്തിയിലെത്തിയില്ല. ജീവനക്കാർ സ്ഥലം മാറിപ്പോവുന്ന സന്ദർഭങ്ങളിൽ ഓഫീസ് ഓർഡർ പ്രകാരം ചുമതലാകൈമാറ്റം നടത്തി ഫയലുകൾ കൈമാറ്റം ചെയ്യാതെയാണ് വിടുതൽ ചെയ്യുന്നത്.

ക്ഷേമപെൻഷനുകൾ കൈപ്പറ്റി വന്ന ഗുണഭോക്താക്കളുടെ മരണശേഷവും പെൻഷൻ തുടർന്ന് നൽകുന്ന സാഹചര്യവുമുണ്ടാകുന്നുണ്ട്. സ്റ്റോക്ക് രജിസ്റ്റർ, സ്യൂട്ട് രജിസ്റ്റർ എന്നിവയുടെ പരിപാലനവും യഥാവിധിയല്ല നടക്കുന്നത്. വിവിധ ഓഫീസ് സംവിധാനം കാര്യക്ഷമമാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതുണ്ട്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 26.10.2019&28.10.2019 | 7/2019,8 /2019.9/2019 | 5.12.2019 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 23.3.2016 | 2011-12 മുതൽ 2015-16വരെ | എൽ.ബി. (എച്ച്.ക്യൂ) 11/8A-2435/38 തീ 31.5.16 |

## 1-11 രസീത് പരിപാലനം അപാകതകൾ

മാനവൽ രസീതുകളുടെ പരിപാലനവുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന അപാകതകൾ കാണുന്നു.
1.രസീതുകൾ കാൻസൽ ചെയ്യുമ്പോൾ ക്യാൻസൽ ചെയ്യാനുണ്ടായ കാരണം രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തലുകൾ വരുത്തുന്നതായി കാണുന്നില്ല.ഉദാഹരണം . 13770 നമ്പർ രസീത് ബുക്കിലെ 10-ാം നമ്പർ രസീത്.

2.നിർവ്വഹണോദ്യോഗസ്ഥർക്ക് രസീത് ബുക്കുകൾ വിതരണം ചെയ്യുമ്പോൾ സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട് രേഖപ്പെടുത്തിന്നില്ല.

3.22490,22489,59087 എന്നീ രസീത് ബുക്കുകൾ ഉപയോഗിക്കാതെ കാൻസൽ ചെയ്തിരിക്കുന്നു.

4.19404 നമ്പർ രസീത് ബുക്കിൽ 49-ാം നമ്പർ രസീത് വരെ മാത്രമാണ് ഉപയോഗിച്ചിരിക്കുന്നത്. ശേഷിക്കുന്നവ കാൻസൽ ചെയ്തിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (15/08.03.22) മറുപടി ലഭ്യമാക്കിയില്ല. രസീത് പരിപാലനത്തിൽ ചട്ടങ്ങൾ കർശ്ശനമായി പാലിക്കേണ്ടതാണ്.

## 1-12 ക്ലോസ് ചെയ്ത ട്രഷറി അക്കൗണ്ടിൽ പണം ക്രെഡിറ്റായിരിക്കുന്നു.

ഗ്രാമപഞ്ചായത്തിന്റെ ട്രഷറി അക്കൗണ്ടുകളുടെ പാസ്സ് ബുക്കിൽ നടത്തിയ പരിശോധനയിൽ 708021400000007 എന്ന STSB അക്കൗണ്ടിൽ (അയർക്കുന്നം സബ്ട്രഷറി) 1683 രൂപ നീക്കിയിരുപ്പുള്ളതായി കാണുന്നു. മേൽഅക്കൗണ്ട് ട്രഷറി ഡയറക്ടറുടെ 30/04/2020 ലെ TRY/1385 /2020-F2 നിർദ്ദേശപ്രകാരം 05.05.2020 ൽ ക്ലോസ് ചെയ്ത് മേൽ അക്കൗണ്ടിൽ അവശേഷിച്ചിരുന്ന 13,609,069 രൂപ 799013000000449എന്ന എൽ ജി ടി എസ് ബി അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തിരുന്നു. നിലവിലുണ്ടായിരുന്ന STSB അക്കൗണ്ട് സ്റ്റാറ്റസ് ക്ലോസ്ഡ് ആയി രേഖപ്പെടുത്തേണ്ടതാണെന്ന് ട്രഷറി ഡയറക്ടർ ബന്ധപ്പെട്ട ട്രഷറി ഓഫീസർക്ക് നിർദ്ദേശം നൽകിയിരുന്നു. ക്ലോസ് ചെയ്ത അക്കൗണ്ടിൽ തുക അവശേഷിക്കുന്നതിന് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്

(8/08.03.2022) ലഭ്യമാക്കിയ മറുപടിയിൽ അക്കൗണ്ട് ക്ലോസ് ചെയ്യാനാവശ്യപ്പെട്ട് കത്ത് നൽകുന്നതാണെന്ന് അറിയിച്ചു. നിലവിൽ പഞ്ചായത്തിന്റെ ധനകാര്യപത്രികയിൽ ഉൾപ്പെട്ടിട്ടില്ലാത്ത മേൽ അക്കൗണ്ടിൽ പണം ക്രെഡിറ്റാകുന്ന സാഹചര്യം ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-13 ബാങ്ക് അക്കൗണ്ടിലെ വിനിമയവിവരങ്ങൾ ലഭ്യമല്ല

ഗ്രാമപഞ്ചായത്തിന്റെ 2019-20 വാർഷിക ധനകാര്യപത്രികയിൽ നടത്തിയ പരിശോധനയിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യയിലെ 67291323952 അക്കൗണ്ടിൽ 31-3-20 ൽ 8597 രൂപ നീക്കിയിരിപ്പുള്ളതായി കാണുന്നു. 2020-21 വാർഷിക ധനകാര്യപത്രിക പ്രകാരം മേൽ അക്കൗണ്ടിൽ നീക്കിയിരിപ്പില്ല. അക്കൗണ്ടിലെ ട്രാൻസാക്ഷൻസ് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(3/07.03.2022) ലഭ്യമാക്കിയ മറുപടിയിൽ മേൽ അക്കൗണ്ട് തനത് ഫണ്ട് കൈകാര്യം ചെയ്തിരുന്ന എസ് ബി റ്റി അക്കൗണ്ട് ആയിരുന്നുവെന്നും മേൽ അക്കൗണ്ട് നിലവില്ലാത്തതാണെന്നും അറിയിച്ചു. അക്കൗണ്ടിൽ നീക്കിയരിപ്പുണ്ടായിരുന്ന 8597/- രൂപയുടെ വിശദാംശങ്ങൾ ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-14 ജില്ലാ പഞ്ചായത്ത്,ബ്ലോക്ക് പഞ്ചായത്ത് വിഹിതങ്ങൾ ചെലവഴിച്ചിട്ടില്ല.

2019-20 വാർഷിക ധനകാര്യപത്രികപ്രകാരം 1504920/- രൂപ ലൈഫ് മിഷൻ വിഹിതമായി പള്ളം ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ലഭ്യമായതായി കാണുന്നു. എന്നാൽ മേൽ തുക വിനയോഗിച്ച് പ്രോജക്ടുകൾ തയ്യാറാക്കിയതായി കാണുന്നില്ല. കൂടാതെ ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി ബാലൻസ് ഷീറ്റിൽ മുൻവർഷ നീക്കിയിരിപ്പായുള്ള 6008/- രൂപ, ജില്ലാ പഞ്ചായത്ത് വിഹിതം നീക്കിയിരിപ്പായുള്ള 31700/- രൂപ എന്നിവ തിരികെ അടവാക്കിയിട്ടില്ല. മേൽ വിഷയവുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (14/08.03.2022) ലഭ്യമാക്കിയ മറുപടിയിൽ തുക തിരികെ അടവാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചു ഉപയോഗിക്കാതെ നീക്കിയിരിപ്പുള്ള തുകകൾ തിരികെ അടവാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-15 ഇലക്ഷൻ ഡെപ്പോസിറ്റ് - നീക്കിയിരിപ്പ് നിലനിൽക്കുന്നു

2019-20 വാർഷിക ധനകാര്യപത്രിക ബാലൻസ് ഷീറ്റിൽ താഴെപ്പറയും പ്രകാരം നീക്കിയിരിപ്പുള്ളതായി കാണുന്നു.

| ക്രമനമ്പർ | അക്കൗണ്ട് നമ്പർ, ഷെഡ്യൂൾ | തുക |
|---|---|---|
| 1 | B-7,340200107 Election Deposit (Candidate) | 7000/- |
| 2 | B-9,350100501 Election Representatives Control Account | 43500/- |
| | ആകെ | 50500/- |

മേൽ തുകകൾ പൊതുതിരഞ്ഞെടുപ്പിൽ മത്സരിച്ച സ്ഥാനാർത്ഥികളുടെ ഡെപ്പോസിറ്റ് തുകയാണെന്ന് ഡെപ്പോസിറ്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. മേൽ തുകകൾ വ്യത്യസ്ത ശീർഷകങ്ങളിൽ അക്കൗണ്ട് ചെയ്തതിന് വിശദീകരണം ലഭ്യമാക്കാനും, മേൽ തുകകൾ അർഹരായവർക്ക് തിരികെ നൽകുന്നതിനും 3 വർഷകാലാവധി കഴിഞ്ഞ തുകകൾ KFC പ്രകാരം പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടുന്നതിന് സ്വീകരിച്ച നടപടികൾ ഓഡിറ്റിനെ അറിയിക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (11/08.03.2022) ലഭ്യമാക്കിയ മറുപടിയിൽ മേൽ തുകകൾ പഞ്ചായത്ത് ഫണ്ടിലേയ്ക്ക് മുതൽക്കൂട്ടുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചു. ചട്ടങ്ങൾ പാലിച്ച് മേൽ തുകകൾ സംബന്ധിക്കുന്ന

നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-16 വസ്തുനികുതി നിർണ്ണയം -തറവിസ്തീർണ്ണം കുറവായി നിർണ്ണയിച്ചു.

ഗ്രാമപഞ്ചായത്തിന്റെ 18 -ാം വാർഡിൽ സാം.പി മാത്യു എന്ന ആളിന്റെ ഉടമസ്ഥതയിലുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിന് 502 A1 മുതൽ A8 വരെയും 502 B1 മുതൽ B8 വരെയുംകെട്ടിട നമ്പരുകൾ നൽകി വാണിജ്യാവശ്യത്തിനുള്ള 100ച.മീ റ്ററിൽ കൂടുതൽ തറവിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് ബാധകമായ 60/- രൂപ അടിസ്ഥാനനികുതിനിരക്ക് ചുമത്തി 2019-20 വർഷം വസ്തുനികുതി നിർണ്ണയിച്ചിട്ടുണ്ട്. സഞ്ചയ പ്രകാരമുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനം | കെട്ടിടനമ്പർ | തറവിസ്തീർണ്ണം (ച.മീ) |
|---|---|---|
| 1 | 18/502 A1 | 36.9 |
| 2 | 18/502 A2 | 37.13 |
| 3 | 18/502 A3 | 33.85 |
| 4 | 18/502 A4 | 41.01 |
| 5 | 18/502 A5 | 40.26 |
| 6 | 18/502 A6 | 26.2 |
| 7 | 18/502 A7 | 32.51 |
| 8 | 18/502 A8 | 16.38 |
| 9 | 18/502 B1 | 36.91 |
| 10 | 18/502 B2 | 37.13 |
| 11 | 18/502 B3 | 33.85 |
| 12 | 18/502 B4 | 51.26 |
| 13 | 18/502 B5 | 40.26 |
| 14 | 18/502 B6 | 32.75 |
| 15 | 18/502 B7 | 32.51 |
| 16 | 18/502 B8 | 49.71 |

ആകെ തറവിസ്തീർണ്ണം -578.62 ച.മീ.

കെട്ടിടത്തിന്റെ കംപ്ളീഷൻ പ്ലാൻ പ്രകാരം കെട്ടിടത്തിന്റെ തറവിസ്തീർണ്ണം - 648 .83 ച.മീ (GF-281.05m2, FF-347.72 M2, Terrace Room -20m2 ) ആണ്. തറവിസ്തീർണ്ണം കുറവായി നിർണ്ണയിച്ചതിന്മേൽ വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. വസ്തുനികുതി പുനർനിർണ്ണയിച്ച് ഈടാക്കി വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

1-17 മൊബൈൽ ടെലഫോൺ ടവറുകളുടെ വസ്തുനികുതി കുടിശ്ശിക അവശേഷിക്കുന്നു.

സഞ്ചയ മുഖേന വസ്തുനികുതി പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന മൊബൈൽ ടെലഫോൺ ടവറുകളുടെ വസ്തുനികുതി കുടിശ്ശിക അവശേഷിക്കുന്നതായി കാണുന്നു.

| ക്രമ നം. | കെട്ടിട നം. | കുടിശ്ശിക എന്ന് മുതൽ | സഞ്ചയ പ്രകാരം തുക |
|---|---|---|---|
| 1 | 1/79 | 2013-14 | 74965/- |
| 2 | 4/5/A | 2013-14 | 92214/- |
| 3 | 7/492/E | 2013-14 | 92916/- |
| 4 | 8/234 | 2013-14 | 130680/- |

| | | | |
|---|---|---|---|
| 5 | 10/146 | 2013-14 | 118872/- |
| 6 | 15/102/A | 2013-14 | 142560/- |
| | | ആകെ | 652207 |

കുടിശ്ശിക ഈടാക്കാൻ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാനാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.2/7.3.2022) മറുപടി ലഭ്യമാക്കിയില്ല. മൊബൈൽ ടവറുകളുടെ വസ്തുനികുതി ഇനത്തിൽ ലഭിക്കാനുള്ള കുടിശ്ശിക 652207/- രൂപ ഈടാക്കി വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## 1-18 ഒറ്റത്തവണ കെട്ടിടനികുതി - സർക്കാർ നിർദ്ദേശം പാലിക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്തിൽ പുതിയ കെട്ടിങ്ങൾക്ക് നമ്പർ അനുവദിക്കുമ്പോഴും നിലവിലുള്ള കെട്ടിടങ്ങളോട് കൂട്ടിച്ചേർക്കലുകൾ വരുത്തി കൂട്ടിച്ചേർക്കുന്ന ഭാഗത്തിന് അധിക വസ്തുനികുതി ഈടാക്കുമ്പോഴും സ.ഉ (എം.എസ് ) നം.231 /15/ ത.സ്വ.ഭ.വ തീയതി 9/7/2015 പ്രകാരം 1975 ലെ കേരള കെട്ടിടനികുതി നിയമത്തിലെ വകുപ്പ് 5(1) പ്രകാരമുള്ള ഒറ്റത്തവണ കെട്ടിടനികുതിയുടെ ആദ്യഗഡു അടച്ചതിന്റെ രസീതിന്റെ പകർപ്പോ അല്ലെങ്കിൽ വകുപ്പ് 7 പ്രകാരമുള്ള റിട്ടേൺ ഫയൽ ചെയ്തതിന്റെ ആധികാരികമായ രേഖയോ ഹാജരാക്കിയാൽ മാത്രമേ നമ്പർ അനുവദിച്ച് വസ്തുനികുതി ഈടാക്കാവൂ എന്ന് വ്യവസ്ഥ ചെയ്യുന്നു. ഗ്രാമപഞ്ചായത്തിൽ 2019-20 വർഷം വസ്തുനികുതി നിർണ്ണയം നടത്തിയപ്പോൾ പ്രസ്തുത നിർദ്ദേശം പാലിച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാനാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 1/7.03.2022) മറുപടി ലഭ്യമാക്കിയില്ല. സർക്കാർ നിർദ്ദേശം പാലിക്കേണ്ടതാണ്.

## 1-19 വസ്തുനികുതി കുടിശ്ശിക അവശേഷിക്കുന്നു.

ഗ്രാമപഞ്ചായത്തിന്റെ 2019-20 വർഷത്തെ വാർഷികധനകാര്യ പത്രിക പ്രകാരം വസ്തുനികുതി ഇനത്തിൽ 22,94,625/- രൂപ കുടിശ്ശികയുള്ളതായി കാണുന്നു. കുടിശ്ശിക ഈടാക്കി വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്

## 1-20 തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

ഗ്രാമപഞ്ചായത്തിലെ ചുവടെ ചേർക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ 2019-20 വർഷത്തെ തൊഴിൽ നികുതി ഈടാക്കിയതിന്റെ വിശദാംശങ്ങൾ രജിസ്റ്ററിലില്ല.

| ക്രമനം. | സ്ഥാപനത്തിന്റെ പേര് | അർദ്ധവർഷം |
|---|---|---|
| 1 | ക്വാളിറ്റി സർവീസസ് | രണ്ട്. |
| 2 | ക്യൂ ആർ എസ് റീട്ടെയിൽസ് ലിമിറ്റഡ്, കളത്തിപ്പടി | രണ്ട്. |
| 3 | ഇഎംആർ ഇൻഫോടെക് , വടവാതൂർ | രണ്ട് |
| 4 | യൂണിഡാഡ് ടെക്നോലാബ്സ് ,വടവാതൂർ | ഒന്ന് |
| 5 | പി & എൻ സെറാമിക്സ് ,താന്നിക്കപ്പടി | രണ്ട്. |
| 6 | അക്ഷയ കാന്റീൻ ,എംആർഎഫ് | രണ്ട്. |
| 7 | ഐഡിയ സെല്ലുലാർ ലിമിറ്റഡ് കളത്തിപ്പടി | ഒന്ന് ,രണ്ട്. |
| 8 | പോപ്പുലർ ഓട്ടോഡീലേഴ്സ് പ്രൈ.ലിമിറ്റഡ്, വടവാതൂർ | ഒന്ന് ,രണ്ട്. |
| 9 | ഓക്സിജൻ ഡിജിറ്റൽ ഷോപ്പ് ,പാറാമ്പുഴ | രണ്ട്. |
| 10 | യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ | ഒന്ന് ,രണ്ട്. |
| 11 | വോഡഫോൺ ഐഡിയ ലിമിറ്റഡ്, | ഒന്ന് ,രണ്ട്. |

| | | |
|---|---|---|
| | പാറയിൽ ബിൽഡിംഗ് | |
| 12 | പ്രോപ്പർട്ടി സൊല്യൂഷൻസ് ,താന്നിക്കപ്പടി | ഒന്ന്,രണ്ട് |
| 13 | എസ് ഡിഎ ഹൈസ്കൂൾ ,വടവാതൂർ | രണ്ട് |
| 14 | ചോയിസ് കിന്റർലാബ് ,വടവാതൂർ | ഒന്ന്,രണ്ട് |
| 15 | ഡയക്രൈടെക് ടെക്നോളജീസ് ,വടവാതൂർ | ഒന്ന് ,രണ്ട് |
| 16 | പ്രൈഡ് ഡിസ്ട്രിബ്യൂട്ടേഴ്സ് ,വടവാതൂർ | ഒന്ന്, രണ്ട് |
| 17 | ശാന്തിമന്ദിരം ആയുർവേദ ഹോസ്പിറ്റൽ, മാങ്ങാനം | ഒന്ന് ,രണ്ട് |
| 18 | ശാന്തിമന്ദിരം ഫാർമസ്യൂട്ടിക്കൽസ് | ഒന്ന് ,രണ്ട് |
| 19 | ലിയോ ഡിസൈൻസ് | ഒന്ന് |
| 20 | ട്യൂട്ടോവേവ്സ് സൊല്യൂഷൻസ് ,വടവാതൂർ | ഒന്ന് ,രണ്ട് |
| 21 | AICA എഞ്ചിനീയറിംഗ് , | ഒന്ന് ,രണ്ട് |
| 22 | ധന്യ ഏജൻസീസ് ,വടവാതൂർ | ഒന്ന് |
| 23 | ടാറ്റ മോട്ടോഴ്സ് ഫിനാൻസ് ലിമിറ്റഡ് | ഒന്ന് |
| 24 | ഐകെയർ ആംപിൾ ടെക്നോളജീസ് , വടവാതൂർ | ഒന്ന് ,രണ്ട് |
| 25 | ടാറ്റ മോട്ടോഴ്സ് ഫിനാൻസ് സൊല്യൂഷൻസ് | ഒന്ന്,രണ്ട് |
| 26 | എംജിഎഫ് മോട്ടോഴ്സ് ,വടവാതൂർ | ഒന്ന് ,രണ്ട് |
| 27 | വെൽഫാസ്റ്റ് ഹോസ്പിറ്റൽ ,താന്നിക്കപ്പടി | ഒന്ന് ,രണ്ട് |
| 28 | ഇൻഡസ് ഇൻഡ് ബാങ്ക് | ഒന്ന് ,രണ്ട് |
| 29 | എച്ച് ഡി എഫ് സി ബാങ്ക് | ഒന്ന് |
| 30 | ഭവൻസ് വിദ്യാമന്ദിർ | ഒന്ന് |
| 31 | മാവേലി സ്റ്റോർ .മാങ്ങാനം | ഒന്ന് |
| 32 | അക്ഷയ സെന്റർ | ഒന്ന്, രണ്ട് |
| 33 | മോർ, കളത്തിപ്പടി | രണ്ട് |
| 34 | അരുൺ ഭാരത് ഗ്യാസ് | ഒന്ന്, രണ്ട് |
| 35 | തിരുവിതാംകൂർ ദേവസ്വം ബോർഡ് | ഒന്ന് |
| 36 | ഷെൽറ്റർ റിയലിറ്റി ,കളത്തിപ്പടി | ഒന്ന്, രണ്ട് |
| 37 | പുളിമൂട്ടിൽ ഓട്ടോമൊബൈൽസ് ,കളത്തിപ്പടി | ഒന്ന്, രണ്ട് |
| 38 | സൂര്യ റീട്ടെയിൽസ് , താന്നിക്കപ്പടി | ഒന്ന്, രണ്ട് |

2.പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ക്ഷീരസഹകരണ സംഘങ്ങൾ, റേഷൻകടകൾ, കള്ള് ഷാപ്പുകൾ, കരാറുകാർ എന്നിവയുൾപ്പെടെ തൊഴിൽ നികുതി പരിധിയിൽ വരുന്ന എല്ലാ സ്ഥാപനങ്ങൾ/ ട്രേഡേഴ്സ്/ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടെന്ന് ഉറപ്പുവരുത്താൻ സ്വീകരിച്ച നടപടികളുടെ വിവരങ്ങൾ /രേഖകൾ , മേൽപ്പറഞ്ഞ സ്ഥാപനങ്ങളുടെ / സ്ഥാപനങ്ങളിലെ ജീവനക്കാരുടെ 2019-20 വർഷത്തെ തൊഴിൽ നികുതി ഈടാക്കിയതിന്റെ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

3.പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ ബാങ്കുകളുടെയും (ഒരേ ബാങ്കിന്റെ വിവിധ ബ്രാഞ്ചുകളുടെ ഉൾപ്പെടെ) സ്ഥാപനതൊഴിൽ നികുതിയും ജീവനക്കാരുടെ തൊഴിൽനികുതിയും ഈടാക്കിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

ഈ വിഷയത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.10/8.3.2022) മറുപടി ലഭ്യമാക്കിയില്ല. തൊഴിൽ നികുതി ഈടാക്കി വിശദാംശങ്ങൾ രേഖകൾ സഹിതം ലഭ്യമാക്കേണ്ടതാണ്.

1-21 വ്യവസായങ്ങൾക്കും വ്യാപാര-ഫാക്ടറി സംരംഭക പ്രവർത്തനങ്ങൾക്കും ലൈസൻസ് നൽകൽ - അപാകതകൾ

1)ചട്ടപ്രകാരം ലൈസൻസ് പുതുക്കുന്നില്ല

1996 ലെ കേരള പഞ്ചായത്ത് രാജ് (വ്യവാസായങ്ങൾക്കും വ്യാപാര-ഫാക്ടറി സംരംഭക പ്രവർത്തനങ്ങൾക്കും ലൈസൻസ്) ചട്ടങ്ങളിലെ, ചട്ടം 10, 31.10.2017ലെ 80/2013 ഭേദഗതി ചട്ടത്തിലെ വ്യവസ്ഥകൾ എന്നിവ പ്രകാരവും ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ ഏതൊരു വർഷവും അവസാനിക്കുന്നതിന് മുപ്പത് ദിവസം മുമ്പായി സമർപ്പിക്കേണ്ടതാണ്. കൂടാതെ, ചട്ടം 8 പ്രകാരം ഏതൊരു ലൈസൻസിന്റേയും കാലാവധി ആ സാമ്പത്തിക വർഷം അവസാനിക്കുന്നതും, അല്ലാത്ത പക്ഷം ലൈസൻസിന്റെ കാലാവധി ഒരു മുൻ തീയതിയിൽ അവസാനിക്കണമെന്ന് പ്രസിഡന്റ് പ്രത്യേക കാരണങ്ങളാൽ കരുതുകയാണെങ്കിൽ അതിൽ പ്രത്യേകം പറയാവുന്ന മുൻ തിയ്യതിയിൽ അവസാനിക്കുന്നതുമാകുന്നു.

2019-20 വർഷത്തിൽ വിജയപുരം ഗ്രാമപഞ്ചായത്തിലെ ലൈസൻസ് പുതുക്കുന്നതിനായുള്ള അപേക്ഷകളും രജിസ്റ്ററും പരിശോധിച്ചതിൽ 461 സ്ഥാപനങ്ങൾ ലൈസൻസ് പുതുക്കുന്നതിനും, പുതിയ ലൈസൻസിനുമായി അപേക്ഷിച്ചിട്ടുണ്ട്. മേൽ ചട്ടം പ്രകാരം ഗ്രാമപഞ്ചായത്തിൽ നിലവിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ എല്ലാം ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ 2019 ഫെബ്രുവരി-മാർച്ച് മാസത്തിൽ തന്നെ നൽകേണ്ടതായിരുന്നു. ഇവയിൽ 206 സ്ഥാപനങ്ങളാണ് ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ ഫെബ്രുവരി/മാർച്ച് മാസങ്ങളിൽ നൽകിയത്. ബാക്കി സ്ഥാപനങ്ങൾ 2019 ഏപ്രിൽ മുതൽ 2020 മാർച്ച് വരെയുള്ള മാസങ്ങളിലായാണ് ലൈസൻസ് പുതുക്കിയിട്ടുള്ളത്. ചട്ട പ്രകാരം തന്നെ എല്ലാ സ്ഥാപനങ്ങളേയും യഥാസമയം തന്നെ ലൈസൻസിന്റെ പരിധിയിൽ കൊണ്ടുവരുവാൻ ശ്രദ്ധിക്കേണ്ടതാണ് .

2) മുഴുവൻ ട്രേഡേഴ്സിനേയും ഉൾപ്പെടുത്തി ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മുഴുവൻ സ്ഥാപനങ്ങളുടെയും വിവരങ്ങൾ അടങ്ങിയ വാർഡ് തിരിച്ചുള്ള ഒരു ട്രേഡേഴ്സ് രജിസ്റ്റർ തയ്യാറാക്കാത്തതിനാൽ പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കിയിട്ടുണ്ടോ എന്നത് ഫലപ്രദമായി പരിശോധിക്കാൻ സാധിച്ചിട്ടില്ല. അപേക്ഷ സമർപ്പിക്കുന്ന സ്ഥാപനങ്ങൾക്കു മാത്രം ലൈസൻസ് പുതുക്കി നൽകുക എന്ന രീതിയാണ് പഞ്ചായത്തിൽ നിലനിന്നു പോരുന്നത്.

സ്വയംഭരണ അധികാരമുള്ള പഞ്ചായത്തിന്റെ ഏതെങ്കിലുമൊരു സ്ഥലം ഫാക്ടറി കൾക്കും കച്ചവട സ്ഥാപനങ്ങൾക്കും സംരംഭങ്ങൾക്കും മറ്റു സേവനങ്ങൾക്കും ഉപയോഗിക്കുകയാണെങ്കിൽ സെക്രട്ടറി നല്കുന്ന ലൈസൻസ് കൂടാതെ പ്രവർത്തിക്കാൻ പാടില്ലാത്തതാകുന്നു. (കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 232). സാമ്പത്തിക വർഷം ആരംഭിക്കുന്നതിന് 30 ദിവസം മുമ്പ് ലൈസൻസ് പുതുക്കേണ്ടതും പുതുതായി ആരംഭിക്കുന്നവയുടെ കാര്യത്തിൽ തുടങ്ങുന്നതിന് 30 ദിവസം മുമ്പും ലൈസൻസിന് അപേക്ഷിക്കേണ്ടതുമുണ്ട്. ട്രേഡേഴ്സ് ലിസ്റ്റ് പൂർണ്ണമല്ലാത്തതിനാൽ എല്ലാ സ്ഥാപനങ്ങളും ലൈസൻസ് എടുത്തിട്ടാണോ പ്രവർത്തിച്ചത് എന്ന് വ്യക്തമല്ല.

3) ലൈസൻസ് ഇല്ലാതെ വ്യാപാര/വ്യവസായ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതിന് സാധ്യത നിലനില്ക്കുന്നു

സഞ്ചയ സോഫ്റ്റ്‌വെയറിൽ നിന്നും ലഭ്യമായ വിവരമനുസരിച്ച് വാണിജ്യാവശ്യത്തിനായി വസ്തുനികുതി നിർണ്ണയിച്ച കെട്ടിടങ്ങളുടെ എണ്ണവും ഗ്രാമപഞ്ചായത്ത് പരിധിയിൽ നിന്നും 2019-20 വർഷം എഫ് ടി ഇ എ & ഒ എസ് ലൈസൻസ് എടുത്തിട്ടുള്ള വ്യാപാര സ്ഥാപനങ്ങളും തമ്മിലുള്ള താരതമ്യം ചുവടെ ചേർക്കുന്നു.

| | |
|---|---|
| സഞ്ചയയിലെ വിശദാംശം പ്രകാരം വിവിധ വാണിജ്യ വ്യവസായ ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്ന കെട്ടിടങ്ങളുടെ എണ്ണം | 1125 |
| 2019-20 വർഷത്തിൽ പഞ്ചായത്ത് നൽകിയിട്ടുള്ള ലൈസൻസുകളുടെ എണ്ണം | 461 |

2019-20 കാലയളവിൽ ലൈസൻസ് എടുത്തിരിക്കുന്നത് 461 സ്ഥാപനങ്ങൾ മാത്രമാണ് . ധാരാളം പേർ ലൈസൻസ് ഇല്ലാതെ വ്യാപാര/വ്യവസായ സ്ഥാപനങ്ങൾ നടത്തുന്നുണ്ട് എന്ന കാര്യം ഇതിൽ നിന്ന് വ്യക്തമാണ്. കൂടാതെ പഞ്ചായത്ത് പരിധിയിൽ വരുന്ന റേഷൻ കടകൾ, ഷാപ്പുകൾ, ക്ഷീര സംഘങ്ങൾ, തുടങ്ങിയവയിൽ നിന്നും 2019-20വർഷങ്ങളിൽ ലൈസൻസ് ഫീസ് ഈടാക്കിയതായി കാണുന്നില്ല .പഞ്ചായത്തിന് ലഭ്യമാകേണ്ടിയിരുന്ന വരുമാനം നഷ്ടപ്പെടുന്ന അവസ്ഥയാണ് ഉള്ളത്.

മേൽ അപാകതകൾക്ക് വിശദീകരണം നൽകണമെന്ന് ആവശ്യപ്പെട്ടു കൊണ്ട് നൽകിയ അന്വേഷണക്കുറിപ്പിന് (നം.5/08.03.2022) ട്രേഡേഴ്സ് രജിസ്റ്റർ തയാറാക്കുന്നതാണെന്നും എല്ലാ സ്ഥാപനങ്ങളേയും ലൈസൻസിന്റെ പരിധിയിൽ കൊണ്ടുവരുന്നതാണെന്നും മറുപടി നൽകി. ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ വാർഡ് തലത്തിൽ പരിശോധന നടത്തി കണ്ടെത്തി നടപടി സ്വീകരിക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിങ്ങ് കമ്മറ്റിയുടെയും ഭരണ സമിതിയുടെയും പ്രത്യേകശ്രദ്ധ ഇതിൽ ഉണ്ടാവേണ്ടതാണ്.

## 1-22 മൊബൈൽ ടവർ - ക്രമവൽക്കരിച്ച് നൽകുകയോ അനധികൃത നിർമ്മാണമായി തീർപ്പാക്കുകയോ ചെയ്തിട്ടില്ല

2019-20 കാലയളവിലെ ക്രമവൽക്കരിച്ച കെട്ടിടങ്ങളുടെ വിവരങ്ങൾ അടങ്ങിയ രജിസ്റ്റർ പരിശോധിച്ചതിൽ വിജയപുരം പഞ്ചായത്ത്, വിജയപുരം വില്ലേജ് റീസർവ്വേ നമ്പർ 175/1, 175/2 എന്നിവയിലായി നിർമ്മിച്ചിരിക്കുന്ന മൊബൈൽ ടവർ (ഇൻഡസ് ടവർ ) ക്രമവൽക്കരിച്ച് നൽകുകയോ അനധികൃത നിർമ്മാണമായി തീർപ്പാക്കുകയോ ചെയ്തിട്ടുള്ളതായോ കാണുന്നില്ല. വിശദവിവരം ചുവടെ ചേർക്കുന്നു .

| | |
|---|---|
| മൊബൈൽ ടവറിന്റെ പേര് | ഇൻഡസ് മൊബൈൽ ടവർ (ഇൻഡസ് ടവർ ലിമിറ്റഡ്) |
| വിസ്തീർണ്ണം | 20.85 $M^2$ |
| വാർഡ് നമ്പർ | 9 |

ഈ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.7/08.03.22) 07/12/2019 ൽ ക്രമവൽക്കരിക്കുവാൻ ഇൻഡസ് ടവർ ലിമിറ്റഡ് അപേക്ഷ നൽകിയിരുന്നു എന്നും അപാകതകൾ ഉള്ളതിനാൽ ആയത് പരിഹരിക്കുന്നതിനായി കത്ത് നൽകിയെങ്കിലും നാളിതുവരേയും ന്യൂനത പരിഹരിക്കുന്നതിനാവശ്യമായ രേഖകൾ അവർ ഹാജരാക്കിയിട്ടില്ല എന്നും മറുപടി നൽകി . ന്യൂനതകൾ പരിഹരിച്ച് നിയമാനുസൃതമായ ഫീസ് ഈടാക്കി ക്രമവൽക്കരിച്ച് നൽകാൻ നടപടി സ്വീകരിക്കുകയോ ആയതിന് വീഴ്ച വരുത്തുന്ന പക്ഷം കേരള പഞ്ചായത്ത് രാജ് -1994, ചട്ടം 235 W, കേരള പഞ്ചായത്ത് ബിൽഡിംഗ് റൂൾ -2019, ചട്ടം 83 ഇവ പ്രകാരം മേൽ സൂചിപ്പിച്ച നിർമ്മാണം അനധികൃത നിർമ്മാണമായി തീർപ്പാക്കി തുടർ നടപടികൾ സ്വീകരിക്കുകയോ ചെയ്യേണ്ടതാണ് .

## 1-23 പെർമിറ്റ് സംബന്ധമായ അപാകതകൾ

1. പെർമിറ്റ് നൽകി പണി പൂർത്തിയാക്കിയ കെട്ടിടങ്ങളുടെ വിവരങ്ങൾ പെർമിറ്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. ആവശ്യമായ വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്താത്തതിനാൽ മുൻപ് പെർമിറ്റ് ലഭിച്ച എത്ര കെട്ടിടങ്ങൾ പണി പൂർത്തിയാക്കിയെന്നും 3 വർഷ കാലാവധി കഴിഞ്ഞ പെർമിറ്റുകൾ പുതുക്കിയോ എന്നും പരിശോധിക്കാൻ സാധിക്കുന്നില്ല. പണി പൂർത്തിയാക്കിയ കെട്ടിടങ്ങളുടെ

അസ്സസ്സ്മെന്റ് നമ്പർ ബന്ധപ്പെട്ട കോളത്തിൽ രേഖപ്പെടുത്തുന്നില്ല.

2. 2019-20 കാലയളവിൽ 208 കെട്ടിടങ്ങൾക്ക് പെർമിറ്റ് നൽകിയിട്ടുണ്ട് . കെട്ടിടങ്ങളിൽ നിന്നും ലഭിച്ച പെർമിറ്റ് ഫീസ് സംബന്ധിച്ച വിവരം രജിസ്റ്ററിൽ പലതിലും രേഖപ്പെടുത്തിയിട്ടില്ല .

മേൽ അപാകതകൾക്ക് വിശദീകരണം നൽകണമെന്ന് ആവശ്യപ്പെട്ടു കൊണ്ട് നൽകിയ അന്വേഷണക്കുറിപ്പിന് (നം. 7/08.03.2022) രജിസ്റ്ററിൽ ആവശ്യമായ വിവരങ്ങൾ ചേർത്ത് കാലികമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് മറുപടി നൽകി. പെർമിറ്റ് രജിസ്റ്ററിൽ എല്ലാ വിവരങ്ങളും ഉൾപ്പെടുത്തി കാലികമാക്കി സൂക്ഷിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-24 ജി ഒ പ്രൊജക്റ്റുകൾ പ്രകാരമുള്ള റിക്കവറി- പഞ്ചായത്തിന് ബാദ്ധ്യയില്ലാത്ത തുകകൾ -നടപടി സ്വീകരിച്ചില്ല

ധനകാര്യവകുപ്പിന്റെ സ.ഉത്തരവ് നം 2772/2019 ധന തീയതി 3-4-19 പ്രകാരം ഗ്രാമപഞ്ചായത്തിന് 2019-20 വർഷം അർഹമായ ബജറ്റ് വിഹിതത്തിൽ നിന്നും വികസനഫണ്ടിന്റെ ഒന്നാംഗഡു അനുവദിച്ചുള്ള ഉത്തരവ് പ്രകാരം ജലഅതോറിറ്റിയിലേക്ക് 9458-രൂപയും KSEBയ്ക്ക് 8627/- രൂപയും അടയ്ക്കേണ്ടതായി കാണിച്ച് കുറവ് ചെയ്തിരുന്നു. കൂടാതെ സ.ഉത്തരവ് നം 10050/2019/ധന തീയതി 21-12-19 പ്രകാരം കെഎസ്ഇബി സർക്കാരിന് സമർപ്പിച്ചിരുന്ന കുടിശിക ലിസ്റ്റിൽ വിജയപുരം ഗ്രാമപഞ്ചായത്തിന് കീഴിലുള്ള ആരോഗ്യവകുപ്പ് സ്ഥാപനത്തിന്റെ വൈദ്യുതികുടിശിക 66033/-യും ജലഅതോറിറ്റിയിലേക്ക് 9458-രൂപയും മൂന്നാംഗഡു വികസനഫണ്ടിൽ നിന്നും കുറവ് ചെയ്തതായും കാണുന്നു. എന്നാൽ ഗ്രാമപഞ്ചായത്തിന്റെ കണക്കുകൾ പ്രകാരം ഈ രീതിയിൽ വാട്ടർ അതോറിറ്റിയിലേക്കോ കെഎസ്ഇബിയിലേക്കോ കുടിശിക തുകകൾ നൽകാനില്ലായെന്ന് കാണുന്നു. ഗ്രാമപഞ്ചായത്തിന് കീഴിലുള്ള ആരോഗ്യവകുപ്പ് സ്ഥാപനത്തിന്റെ കുടിശിക സംബന്ധിച്ച വിവരങ്ങളും ഗ്രാമപഞ്ചായത്തിൽ ലഭ്യമാകുന്നില്ല. എന്നാൽ ഗ്രാമപഞ്ചായത്ത് പ്രസ്തുത വിഷയത്തിൽ വ്യക്തത വരുത്തുന്നതിനായി സർക്കാരിനെ സമീപിച്ചതായി കാണുന്നില്ല. സർക്കാരിന് പ്രസ്തുത സ്ഥാപനങ്ങളിൽ നിന്നും നൽകിയ കുടിശിക ലിസ്റ്റിൽ ഗ്രാമപഞ്ചായത്ത് എങ്ങനെ ഉൾപ്പെട്ടുവെന്നത് പരിശോധിക്കേണ്ടതും കുടിശികയില്ലായെന്ന് വ്യക്തമാകുന്ന പക്ഷം ആയത് തിരികെ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-25 തെരുവുവിളക്ക് AMC & റിപ്പയറിങ്ങ് -സർക്കാർ നിർദ്ദേശപ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ചില്ല

| | |
|---|---|
| പ്രൊജക്റ്റ് നം | 9/20 |
| അടങ്കൽ – 9,00,000/- | 870000/-(CFC)+30000(തനത്ഫണ്ട്) |
| ചെലവ് – 4,39,982/- | 410268/-(CFC)(ബിൽനം 33,34/ 17-1-20, 39,40/29-2-20, 42,44, 45/ 29-3-20)<br>+29714/-( തനത് ഫണ്ട് ) |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |

ഗ്രാമപഞ്ചായത്തിലെ 2470 പോസ്റ്റുകളിലെ റിപ്പയറിങ്ങിനും എഎംസിയ്ക്കുമായി ടെൻഡർ ക്ഷണിച്ചതിൽ എഡ്വിൻ ഇലക്ട്രിക്കൽസ് എന്ന സ്ഥാപനത്തിന്റെ പോസ്റ്റ് ഒന്നിന് 358/- രൂപ നിരക്ക് അംഗീകരിച്ചിരുന്നു. തെരുവിളക്കുകളുടെ അറ്റകുറ്റപ്പണിയും സംരക്ഷണവും സംബന്ധിച്ച് 15-9-2011 ൽ 3055/2011/ ത സ്വ ഭ വ നമ്പരായി മാർഗ്ഗ നിർദ്ദേശം പുറപ്പെടുവിച്ചിരുന്നു. ഇതു പ്രകാരം AMC യ്ക്കായി അംഗീകൃത കരാറുകാരിൽ നിന്നും ടെണ്ടർ നടപടികളിലൂടെ കരാറുകാരനെ കണ്ടെത്താവുന്നതാണ്. പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1.ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിൽ വരുന്ന സ്ട്രീറ്റ് ലൈറ്റുകളുടെ മെയിന്റനൻസ് സംബന്ധിച്ച് പഠനം

നടത്തി വാർഷിക ചെലവ് വിലയിരുത്താതെയാണ് കരാർ അംഗീകരിച്ചിട്ടുള്ളത്. 2470പോസ്റ്റിലെ മുഴവൻ വിളക്കുകൾക്കും AMC നിരക്ക് നിശ്ചയിക്കുമ്പോൾ ഗ്യാരന്റി ഉള്ള ലൈറ്റുകളും ഇതിൽ ഉൾപ്പെടുകയും കരാറുകാരന് തുക നല്കേണ്ടി വരുകയും ചെയ്യുന്നു. തൻവർഷം 558 എണ്ണം 18W എൽഇഡി ലൈറ്റുകളും 339 എണ്ണം 36W എൽഇഡി ലൈറ്റുകളും 24മാസഗ്യാരന്റിയോടെ വാങ്ങിയിരുന്നു.

2.കരാറുകാരൻ ഉപയോഗിക്കുന്ന സാധനങ്ങളുടെ ഗുണ നിലവാരം പരിശോധിക്കപ്പെടുന്നില്ല.

3.റിപ്പയറിങ്ങിനായി KSEBയുടെ മുൻകൂർ അനുമതി ലഭ്യമായിരുന്നില്ല

4.കരാർ തുകയുടെ 10% സെക്യൂരിറ്റി ഡെപ്പോസിറ്റ് സ്വീകരിക്കണമെന്ന സർക്കാർ നിർദ്ദേശം പാലിച്ചിരുന്നില്ല

5.വാർഡ് അടിസ്ഥാനത്തിൽ റിപ്പയറിങ്ങ് നടത്തിയത് രേഖപ്പെടുത്തുന്ന രജിസ്റ്റർ , മെമ്പർമാരുടെ സാക്ഷ്യപത്രം സഹിതം ലഭ്യമാക്കിയില്ല. രജിസ്റ്റർ കരാറുകാർ തയ്യാറാക്കി തദ്ദേശ സ്ഥാപനത്തിൽ സൂക്ഷിക്കണമെന്ന നിബന്ധന പാലിക്കപ്പെട്ടില്ല.

6.തനത് ഫണ്ടിൽ നിന്നുള്ള 29714/- രൂപയുടെ ചെലവ് വിശദാംശങ്ങൾ ലഭ്യമായില്ല.

അപാകതയിന്മേൽ വിശദീകരണം ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.16/19-20) മറുപടി നല്കിയില്ല. മുഴവൻ വഴി വിളക്കുകളും റോഡ്, പോസ്റ്റ്, അടിസ്ഥാനത്തിൽ തിട്ടപ്പെടുത്തി രജിസ്റ്റർ തയ്യാറാക്കുകയും വാറന്റി കാലയളവ് ഉള്ളവ ഒഴിവാക്കുകയും ചെയ്ത ശേഷം മാത്രം കരാർ തയ്യാറാക്കേണ്ടതുമാണ്. സ്ട്രീറ്റ് ലൈറ്റുകളുടെ സംരക്ഷണം സംബന്ധിച്ച് മോണിറ്ററിംഗ് സമിതി പരിശോധന നടത്തി ശുപാർശകൾ സമർപ്പിക്കുകയും തുടർ നടപടികൾ നിരീക്ഷിക്കുകയും ചെയ്യേണ്ടതാണ്. റിപ്പയറിങ്ങിനായി KSEBയുടെ മുൻകൂർ അനുമതി ലഭ്യമാക്കേണ്ടതും കരാറുകാരനിൽ നിന്നും കരാർ തുകയുടെ 10% സെക്യൂരിറ്റി ഡെപ്പോസിറ്റ് സ്വീകരിക്കണമെന്ന സർക്കാർ നിർദ്ദേശം പാലിക്കേണ്ടതുമാണ്. തനത് ഫണ്ടിൽ നിന്നുള്ള 29714/- രൂപയുടെ ചെലവ് വിശദാംശങ്ങൾ ലഭ്യമാകാത്തതിനാൽ ടി തുക തടസ്സപ്പെടുത്തുന്നു. ചെലവ് വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതുമാണ്.

## 1-26 തെരുവുവിളക്ക് വാങ്ങൽ-വിതരണവിവരം ലഭ്യമായില്ല

| | |
|---|---|
| പ്രൊജക്റ്റ് നം | 11/20 തെരുവുവിളക്ക് എല്ലാ അനുബന്ധ സാമഗ്രികളോടും കൂടി വാങ്ങി സ്ഥാപിക്കൽ |
| അടങ്കൽ – 29,16,000/- | 2000000/-(CFC)+916600(തനത്ഫണ്ട്) |
| ചെലവ് – 17,21,866/- | 1335756/-(CFC)(ബിൽ നം 18,21/ 7-11-19)<br>+386110/-( തനത് ഫണ്ട് ) |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |

ഗ്രാമപഞ്ചായത്തിലേക്ക് 18W, 36W എൽഇഡി ലൈറ്റുകൾ അംഗീകൃത ഏജൻസിയായ ക്രൂസിൽ നിന്നും വാങ്ങുന്നതിനായി തയ്യാറാക്കിയ പ്രൊജക്റ്റായിരുന്നു ഇത്. പ്രൊജക്റ്റിന്റെ നിർവ്വഹണത്തിൽ കാണപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. പ്രൊജക്റ്റ് പ്രകാരം 18W LED ലൈറ്റ് 578 എണ്ണവും 36W LED ലൈറ്റ് 339 എണ്ണവും വാങ്ങിയിരുന്നു. മുൻവർഷങ്ങളിലും വാങ്ങിയത് ഉൾപ്പടെ സ്ട്രീറ്റ് ലൈറ്റുകൾക്ക് മാത്രമായി പ്രത്യേകം സ്റ്റോക്ക് രജിസ്റ്റർ പരിപാലിക്കാതെ 2019-20 വർഷം വാങ്ങിയ ലൈറ്റുകൾ മാത്രം സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തിരിക്കുന്നതായി കാണുന്നു. പ്രസ്തുത രജിസ്റ്റർ പ്രകാരം 170 എണ്ണം 18W ലൈറ്റുകളും 74 എണ്ണം 36W ലൈറ്റുകളും മാത്രമാണ് വിവിധ വാർഡുകളിൽ സ്ഥാപിക്കുന്നതിനായി വിതരണം ചെയ്തിരിക്കുന്നത്.

2. സെക്രട്ടറിയുടെ 6-2-20ലെ A1-7358/18 നമ്പർ കത്ത് പ്രകാരം 250 ലൈറ്റുകൾ പ്രവർത്തനരഹിതമാണെന്ന് KREWSനെ അറിയിച്ചിരുന്നു. 24 മാസ വാറന്റിയുള്ള പ്രസ്തുത ഉപകരണങ്ങൾ

പ്രവർത്തനക്ഷമമാക്കുന്നതിന് നടപടികൾ സ്വീകരിച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമായിരുന്നില്ല.

മേൽപറഞ്ഞ അപാകതകൾ ചൂണ്ടിക്കാട്ടി നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം16/19-20) മറുപടി ലഭ്യമായിരുന്നില്ല. വിതരണവിവരങ്ങൾ ലഭ്യമാക്കേണ്ടതും കേടായ ഉപകരണങ്ങൾ മാറ്റി ലഭിക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങളും ലഭ്യമാക്കേണ്ടതാണ്.

## 1-27 സ്ട്രീറ്റ് ടാപ്പുകളുടെ വാട്ടർചാർജ് - വാട്ടർ അതോറിറ്റിഡിമാന്റ് ചെയ്ത കുടിശിക തുകയുടെ കൃത്യത സംബന്ധിച്ച് അന്വേഷണം നടത്തിയില്ല.

| | |
|---|---|
| പ്രൊജക്റ്റ് നം | 7/20 |
| അടങ്കൽ | 750000/-(MG NR) |
| ചെലവ് | 538552/-(MG-NR) |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |

ഗ്രാമപഞ്ചായത്തിലെ 126 സ്ട്രീറ്റ് ടാപ്പുകളുടെ വെള്ളക്കരം അടയ്ക്കുന്നതിനായി തയ്യാറാക്കിയ പ്രൊജക്റ്റായിരുന്നു ഇത്. ഡിസംബർ 2019 വരെ കുടിശികയില്ലാതെ വാട്ടർചാർജ് അടച്ച വന്നിരുന്ന ഗ്രാമപഞ്ചായത്തിൽ 2020 ജനുവരി മാസത്തെ ഡിമാന്റ് നോട്ടീസ് നം. 40157/16-1-20 പ്രകാരം കുടിശികയായി 64515/-രൂപയും പിഴയായി 1290/-രൂപയും ഉള്ളതായി കാണുന്നു. പിന്നീടുള്ള മാസങ്ങളിൽ ടി കുടിശിക തുകയിൽ വർദ്ധനവ് വരുന്നതായും കാണുന്നു. വാട്ടർ അതോറിറ്റി ചുമത്തിയ കുടിശിക തുകയുടെ നിജസ്ഥിതി സംബന്ധിച്ച് വിവരങ്ങൾ ആരാഞ്ഞിട്ടില്ല. നിലവിലും ടി കുടിശിക പിഴപലിശയിൽ വർദ്ധനവോടെ തുടരുന്നതായി കാണുന്നു. പ്രസ്തുത വിഷയത്തിൽ അന്വേഷണം നടത്തി തീർപ്പുകൽപ്പിക്കാത്ത പക്ഷം ഒടുക്കേണ്ടി വരുന്ന പിഴപ്പലിശ ബന്ധപ്പെട്ട സെക്രട്ടറിയുടെ ബാദ്ധ്യതയായി മാറുന്നതാണ്.

## 1-28 പട്ടികവർഗവിഭാഗത്തിൽപെട്ട വിദ്യാർത്ഥികൾക്ക് യൂണിഫോം-സർക്കാർ നിർദ്ദേശം പാലിച്ചില്ല

| | |
|---|---|
| പ്രൊജക്റ്റ് നം | 25/20 |
| അടങ്കൽ | 5000/-(SCP) |
| ചെലവ് | 5000 (ബിൽ നം. 8/26-10-19) |
| നിർവ്വഹണോദ്യോഗസ്ഥൻ | അസി.സെക്രട്ടറി |

പട്ടികവർഗവിഭാഗത്തിൽപെട്ട വിദ്യാർത്ഥികൾക്ക് യൂണിഫോം വാങ്ങുന്നതിനായുള്ള പ്രൊജക്റ്റ് പ്രകാരം ഗുണഭോക്താക്കളുടെ മാതാവായ മിനി, ബീന എന്നിവർക്ക് യഥാക്രമം 3000, 2000 രൂപ വീതം നൽകിയിരുന്നു. ഗുണഭോക്താവ് ഒന്നിന് 1000/-രൂപ നിരക്കിൽ 5 കുട്ടികൾക്കാണ് തുക നൽകിയത്. എന്നാൽ ഗുണഭോക്താക്കളായ വിദ്യാർത്ഥികളുടെ സ്കൂൾ സർട്ടിഫിക്കേറ്റ്, യൂണിഫോം വാങ്ങിയ ബില്ലുകൾ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. ആയത് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം 23/10-3-22) മറുപടി ലഭ്യമായില്ല. 2018-19 ലെ പ്രൊജക്റ്റിനൊപ്പം ഹാജരാക്കിയ സ്കൂൾ സർട്ടിഫിക്കറ്റ് പ്രകാരം ഹരികൃഷ്ണൻ, ഹരിജിത് എന്നീ ഗുണഭോക്താക്കളായ വിദ്യാർത്ഥികൾ യഥാക്രമം

6, 4 ക്ലാസുകളിൽ പഠിക്കുന്ന വിദ്യാർത്ഥികളാണ്. ജിഒ(എംഎസ്)22/18 തസ്വഭവ 14-2-18 പ്രകാരം 9, 10 ക്ലാസുകളിലെ വിദ്യാർത്ഥികൾക്കാണ് യൂണിഫോമിനായി തുക അനുവദിക്കാവുന്നത്. 8-ാം ക്ലാസ് വരെയുള്ള വിദ്യാർത്ഥികൾക്ക് യൂണിഫോം സൗജന്യമാണ് എന്നതിന്റെ അടിസ്ഥാനത്തിലാണ് ഈ രീതിയിൽ പരിമിതപ്പെടുത്തുന്നത് എന്നും പ്രസ്തുത സർക്കാർ ഉത്തരവിൽ പറയുന്നു. സർക്കാർ ഉത്തരവിന് വിരുദ്ധമായി രണ്ട് കുട്ടികൾക്കായി നൽകിയ 2000/-രൂപ ബന്ധപ്പെട്ട നിർവ്വഹണോദ്യോഗസ്ഥനിൽ നിന്നും ഈടാക്കി സർക്കാരിലേക്ക് അടയ്ക്കേണ്ടതാണ്.

## 1-29 കരാർ അടിസ്ഥാനത്തിൽ നിയമിച്ചിട്ടുള്ള ജീവനക്കാർക്ക് സേവന പുസ്തകം പരിപാലിക്കാതെ ആർജിതാവധി സറണ്ടർ അനുവദിച്ചു

ഗ്രാമപഞ്ചായത്തിൽ കരാർ അടിസ്ഥാനത്തിൽ നിയമിച്ചിട്ടുള്ള ടെക്നിക്കൽ അസിസ്റ്റന്റ്, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ അക്രഡിറ്റഡ് ഓവർസിയർ, അക്കൗണ്ടന്റ് കം ഡേറ്റാ എൻട്രി ഓപ്പറേറ്റർ എന്നിവർക്ക് 2019-20 വർഷത്തിൽ ആർജിതാവധി സറണ്ടർ അനുവദിച്ചിട്ടുണ്ട്. എന്നാൽ ഇതു സംബന്ധിച്ച യാതൊരു വിവരവും സേവനപുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടില്ല. നാളിതുവരെ ടി ജീവനക്കാരുടെ സേവനപുസ്തകം തയ്യാറാക്കി സൂക്ഷിച്ചിട്ടില്ലായെന്നും ഉടൻ തന്നെ ആരംഭിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ഡ്യൂട്ടി കാലയളവ് കൃത്യമായി പരിശോധിച്ച് ആർജിച്ച അവധിയും സറണ്ടർ ചെയ്ത ആർജിത അവധിയും ഉൾപ്പെടെയുള്ള ലീവ് അക്കൗണ്ട് സേവനപുസ്തകത്തിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതും നടപടികൾ സ്വീകരിച്ച് ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 1-30 പഞ്ചായത്ത് ജീപ്പിന്റെ ലോഗ് ബുക്ക് - അപാകതകൾ

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വാഹനങ്ങളുടെ ഉപയോഗം സംബന്ധിച്ച സ.ഉ.(എം.എസ്) നം.170/07/തസ്വഭവ തീ.30.6.2007 പ്രകാരം മാർഗനിർദേശങ്ങൾ നൽകിയിട്ടുള്ളതാണ്. പഞ്ചായത്ത് ജീപ്പിന്റെ ലോഗ് ബുക്കും അനുബന്ധ രേഖകളും പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. 2019 ഏപ്രിൽ , മെയ് മാസങ്ങളിലായി പഞ്ചായത്ത് ജീപ്പ് 1323 KM ദൂരം സഞ്ചരിച്ചിട്ടുണ്ടെങ്കിലും ഇന്ധനം നിറച്ചതിന്റെ വിവരങ്ങൾ ലോഗ് ബുക്കിലോ, ചെലവിന്റെ വിവരങ്ങൾ വൗച്ചറുകൾക്ക് ഒപ്പമോ കാണുന്നില്ല

2. ലോഗ് ബുക്കിൽ കൃത്യമായ രേഖപ്പെടുത്തലുകളില്ല. ഇന്ധനം നിറച്ച തീയതി, ടാങ്കിലെ ഇന്ധനത്തിന്റെ അളവ് എന്നിവ ലോഗ് ബുക്കിൽ രേഖപ്പെടുത്തുകയും ടാങ്ക് പൂർണമായും നിറച്ചതിനു ശേഷം വാഹനം ഓടിയ ദൂരവും വീണ്ടും നിറയ്ക്കുന്നതിനുള്ള ഇന്ധനത്തിന്റെ അളവും കണക്കിലെടുത്ത് ഒരു കിലോമീറ്ററിനുള്ള ഇന്ധന ഉപയോഗത്തിന്റെ അളവ് കണക്കാക്കേണ്ടതാണെങ്കിലും ലോഗ് ബുക്കിൽ പ്രസ്തുത രേഖപ്പെടുത്തലുകളില്ല.

ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം. 24/10.03.22 ) മറുപടി ലഭ്യമാക്കിയില്ല. എല്ലാ ആറു മാസത്തിലും എഫിഷ്യൻസി ടെസ്റ്റ് നടത്തേണ്ടതും മുൻപരിശോധനയെ അപേക്ഷിച്ച് ഇന്ധന ഉപയോഗം കൂടിയിട്ടുണ്ടെങ്കിൽ പരിഹരിക്കാനും നടപടി സ്വീകരിക്കേണ്ടതാണ്. ലോഗ് ബുക്കിന്റെ സൂക്ഷിപ്പിലും അലംഭാവമുണ്ടായിട്ടുണ്ട്. കൃത്യമായ രേഖപ്പെടുത്തലുകളോ പ്രതിമാസ അബ്സ്ട്രാക്റ്റോ ഇന്ധന ഉപഭോഗത്തിന്റെ വിലയിരുത്തലോ നടത്തുന്നില്ല. വാഹന ഉപയോഗം സംബന്ധിച്ച് സർക്കാർ നിർദേശങ്ങൾ പാലിക്കേണ്ടതാണ്.

## 1-31 സർവ്വീസ് പെൻഷൻ/കുടുംബപെൻഷൻ കൈപ്പറ്റുന്നവർ അനർഹമായി സാമൂഹ്യ സുരക്ഷാപെൻഷൻ തുകയും കൈപ്പറ്റി

വിജയപുരം പഞ്ചായത്തിൽ സർവ്വീസ് പെൻഷൻ/കുടുംബപെൻഷൻ കൈപ്പറ്റുന്നവർ അനർഹമായി സാമൂഹ്യ സുരക്ഷാപെൻഷൻ തുകയും കൈപ്പറ്റിയതായി ശ്രദ്ധയിൽപെട്ടിട്ടുണ്ട്. ബഹു.സർക്കാരിന്റെ 23.01.2020 ലെ 07/2020/ധന നമ്പർ ,8-2-2021ലെ 14/21/ധന സർക്കുലറുകൾ

പ്രകാരം അനർഹമായി തുക കൈപ്പറ്റിയ വ്യക്തികൾ പ്രസ്തുത തുക സർക്കാർ ഫണ്ടിലേക്ക് തിരികെ അടവാക്കേണ്ടതാണ്. ഇപ്രകാരം അനർഹമായി തുക കൈപ്പറ്റുന്ന/കൈപ്പറ്റിക്കൊണ്ടിരിക്കുന്നവരുടെ വിവരങ്ങൾ ക്രോഡീകരിച്ച് തുടർനടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്. ഓഡിറ്റിന് ലഭ്യമാക്കിയ രേഖകൾ പ്രകാരമുള്ള വിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | പേര് | പെൻഷൻ ഐ.ഡി | പെൻഷൻ തരം |
|---|---|---|---|
| 1 | മഹിളാ മണി എസ് ,<br>ഹരീഷ് നിവാസ്,<br>പാറമ്പുഴ | 105530200772 | വാർദ്ധക്യകാല പെൻഷൻ |
| 2. | കുഞ്ഞുമോൾ ജോർജ് ,<br>തുണ്ടുപറമ്പിൽ , വടവാതൂർ | 105530600970 | വിധവാ പെൻഷൻ |

ഈ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം . 06/08.03.22 ) മേൽ ലിസ്റ്റിൽ ഉൾപ്പെട്ട വ്യക്തിയ്ക്ക് തുക തിരികെ ഒടുക്കണം എന്നത് സംബന്ധിച്ച് അറിയിപ്പ് നൽകിയിട്ടുണ്ടെന്ന് മറുപടി ലഭ്യമാക്കി. മേൽ പറഞ്ഞിരിക്കുന്ന വ്യക്തികളിൽ നിന്നും അവർ സാമൂഹ്യസുരക്ഷാ പെൻഷൻ ഇനത്തിൽ അനർഹമായി കൈപ്പറ്റിയ തുക തിരികെ ഈടാക്കി സർക്കാരിൽ ഒടുക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-32 മരണപ്പെട്ടവരുടെ പേരിലുള്ള ക്ഷേമപെൻഷൻ മരണ തീയതിക്കു ശേഷമുള്ള മാസങ്ങളിലും പെൻഷണറുടെ ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തു

22.09.2017 ലെ ധനകാര്യ വകുപ്പ് സർക്കുലർ SFCB1/71/2017 പ്രകാരം ക്ഷേമപെൻഷണർ മരണപ്പെടുമ്പോൾ ക്ഷേമ പെൻഷൻ അനുവദിച്ചു നൽകിയ തദ്ദേശസ്ഥാപനത്തിൽ മരണം റിപ്പോർട്ട് ചെയ്യപ്പെടുന്ന പക്ഷം ആ ദിവസം തന്നെ പെൻഷൻ സസ്പെന്റ് ചെയ്യേണ്ടതാണെന്നും മരണം മറ്റ് തദ്ദേശസ്ഥാപനത്തിൽ റിപ്പോർട്ട് ചെയ്യപ്പെടുന്നുവെങ്കിൽ അതേ ദിവസം തന്നെ പെൻഷൻ അനുവദിച്ചു നൽകിയ തദ്ദേശസ്ഥാപനത്തിൽ റിപ്പോർട്ട് ചെയ്യേണ്ടതാണെന്നും നിർദ്ദേശിച്ചിരുന്നു. എന്നാൽ വിജയപുരം ഗ്രാമ പഞ്ചായത്തിലെ 2019-20 കാലയളവിലെ സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണ രേഖകൾ പരിശോധിച്ചതിൽ നിന്നും മരണപ്പെട്ടവരുടെ പേരിലുള്ള പെൻഷൻ മരണ തീയതിക്കു ശേഷമുള്ള മാസങ്ങളിലും പെൻഷണറുടെ ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തതായി കാണുന്നു. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | പെൻഷൻ തരം | പെൻഷൻ ഐ.ഡി. | അനർഹമായ കാലയളവ് | അനർഹമായ കാലയളവിൽ വിതരണം ചെയ്ത തുക |
|---|---|---|---|---|---|
| 1 | ചെല്ലമ്മ | വാർദ്ധക്യ പെൻഷൻ | 105530200836 | 04/2020 മുതൽ 10/2020 വരെ | 12000 |
| 2. | പി എൻ ചന്ദ്രൻ | വാർദ്ധക്യ പെൻഷൻ | 105610201164 | 08/2020 മുതൽ 11/2020 വരെ | 5500 |
| ആകെ | | | | | 17500 |

ഓഡിറ്റ് വേളയിൽ ലഭ്യമാക്കിയ വിവരങ്ങളുടെ അടിസ്ഥാനത്തിലുള്ള വിവരമാണ് മുകളിൽ

ചേർത്തിട്ടുള്ളത്. ഓഡിറ്റ് കണ്ടെത്തിയ ഗുണഭോക്താക്കൾ വിജയപുരം ഗ്രാമപഞ്ചായത്തിൽ 2019-20 വർഷം മരണം റിപ്പോർട്ട് ചെയ്യുകയും മരണ സർട്ടിഫിക്കറ്റ് നൽകുകയും ചെയ്തവർ മാത്രമാണ്. മറ്റു തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ മരണപ്പെട്ട ഗുണഭോക്താക്കളുടെ വിവരങ്ങൾ ലഭ്യമായിട്ടില്ല. ആയതിനാൽ ഈ ലിസ്റ്റ് ഭാഗികമാണ്. ഈ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് ( നം - 06/08/03/22 ) തുക തിരികെ ഈടാക്കാൻ ബാങ്കുകൾക്ക് കത്ത് നൽകിയതായി മറുപടി നൽകി .

നിലവിൽ അനർഹമായി നൽകിയതായി കണ്ടെത്തിയ 17500- രൂപ ബാങ്കിൽ നിന്നോ, അനർഹർ തുക പിൻവലിച്ചിട്ടുണ്ടെങ്കിൽ അവരിൽ നിന്നോ ഈടാക്കി സർക്കാരിലേക്ക് അടവാക്കേണ്ടതാണ്. ഇതേ രീതിയിൽ കൂടുതൽ പെൻഷണർമാർക്ക് മരണശേഷവും ബാങ്ക് അക്കൗണ്ടിലേക്ക് പെൻഷൻ വിതരണം ചെയ്യാൻ സാധ്യതയുണ്ട്. സൂക്ഷ്മപരിശോധന നടത്തി ഈ രീതിയിലുള്ള പെൻഷൻ വിതരണം ഒഴിവാക്കേണ്ടതുമാണ് .

## 1-33 കോടതി വ്യവഹാരങ്ങളുടെ നടത്തിപ്പ് നിരീക്ഷിക്കാൻ സംവിധാനമില്ല - സ്യൂട്ട് രജിസ്റ്റർ- കാലികമായും കൃത്യമായും എഴുതി സൂക്ഷിച്ചിട്ടില്ല

സ്യൂട്ട് രജിസ്റ്റർ പ്രകാരം ധാരാളം കേസുകൾ ഗ്രാമപഞ്ചായത്ത് എതിർകക്ഷിയായി നിലവിലുണ്ട്. ഇവയിൽ ഹൈക്കോടതി, കീഴ്കോടതികൾ, ഓംബുഡ്സ്മാൻ, ട്രൈബ്യൂണൽ എന്നിവയിൽ ഫയൽ ചെയ്തവ വരെ ഉൾപ്പെടുന്നു. കേസിന്റെ തുടർ നടത്തിപ്പ്, തീർപ്പ് തുടങ്ങിയ വിവരങ്ങൾ രജിസ്റ്ററിൽ എഴുതി സൂക്ഷിച്ചിട്ടില്ല. തൻമൂലം പഞ്ചായത്തിന്റെ താത്പര്യം സംരക്ഷിക്കാൻ ഉതകുംവിധം സമയബന്ധിതമായി നടപടികൾ തുടരുന്നതിന് പഞ്ചായത്തിനു കഴിയുന്നുണ്ടോ എന്നതും വ്യക്തമല്ല. കൂടാതെ പഞ്ചായത്ത് വാദിയായാണോ പ്രതിയായാണോ കേസുകളിൽ കക്ഷി ചേർന്നിരിക്കുന്നത് എന്ന കാര്യം വ്യക്തമല്ല. പഞ്ചായത്തിനനുകൂലമായി വിധികൾ സമ്പാദിക്കാനും അവ യഥാസമയം നടത്തിയെടുക്കാനും വിധി അനുകൂലമല്ലാത്ത സാഹചര്യങ്ങളിൽ സമയപരിധിക്കുള്ളിൽ അപ്പീൽ സമർപ്പിക്കുവാനും പ്രസ്തുത രജിസ്റ്ററിലെ സമഗ്രമായ രേഖപ്പെടുത്തലുകൾ അനിവാര്യമാണ്. കുറ്റമറ്റ രീതിയിൽ രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. കൂടാതെ രജിസ്റ്ററിൽ എഴുതി സൂക്ഷിക്കുന്നതിലെ അപാകത നിമിത്തം വക്കീൽ ഫീസ് ഇനത്തിൽ ചെലവഴിക്കുന്ന തുകയുടെ കൃത്യതയും വ്യക്തമല്ല. സ്യൂട്ട് രജിസ്റ്റർ കൃത്യമായും കാലികമായും സൂക്ഷിക്കേണ്ടതാണ്.

## 1-34 അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ മരാമത്ത് പ്രവൃത്തികളിൽ സമയപരിധിക്കുള്ളിൽ കരാർ വയ്ക്കുന്നതിൽ വീഴ്ച

2019-20 വർഷം അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹണം നടത്തിയ മരാമത്ത് പ്രവൃത്തികളിൽ സെലക്ഷൻ നോട്ടീസ് പ്രകാരം കരാർ വയ്ക്കാൻ നിർദ്ദേശിച്ചിരുന്ന തീയതിക്കകം കരാർ വയ്ക്കുന്നതിൽ വീഴ്ച വരുത്തിയ കരാറുകാരനിൽ നിന്ന് പി എ സി യുടെ 1% പിഴ ഈടാക്കിയിട്ടില്ലാത്തതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| പ്രോ.നം/ പ്രോജക്ട് | | സെലക്ഷൻ നോട്ടീസ് നം / തീയതി | സെലക്ഷൻ നോട്ടീസ് പ്രകാരം പിഴ കൂടാതെ കരാർ വയ്ക്കേണ്ട അവസാന തീയതി | കരാർ തീയതി | പി.എ.സി | ഈടാക്കേണ്ട ഫൈൻ 1% | ഈടാക്കിയ ഫൈൻ | കുറവ് | ബിൽ നം/ തീയതി |
|---|---|---|---|---|---|---|---|---|---|
| 290/20 മുളകാട്ടുപടി മധുരംചേരി ചാത്തൻപടം | ശ്രീ. സുനിൽ കെ.എം | രേഖപ്പെടുത്തലില്ല | 09.11.18 | 03.12. 2018 | 990136 | 9901 | 8044 | 1857 | 16/ 05.09.19 |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| റോഡ് പുനരു ദ്ധാരണം | | | | | | | | | |
| 191/20, കൊശമറ്റം കോളനി യിൽ ഓട നിർമ്മാണം | സുനിൽ കെ.എം | രേഖപ്പെട്ട ത്തലില്ല | 13.08.18 | 05.11. 2018 | 651084 | 6511 | 1197 | 5314 | 02/ 30.04.19 23/ 25.10.19 |
| | | | | | | | | 7171 | |

നിയമാനുസൃതമുള്ള പിഴ ഈടാക്കിയതിൽ കുറവ് വന്ന തുകയായ 7171/-രൂപ കരാറുകാരനിൽ നിന്ന് ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-35 അസി.എഞ്ചിനീയറുടെ പേരിലുള്ള അക്കൗണ്ടുകളിലെ വിനിമയം കൃത്യമാക്കുക

അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിൽ മാങ്ങാനം സർവ്വീസ് സഹകരണബാങ്കിൽ (A/c No – 0223000005727) നിലവിലുള്ള അക്കൗണ്ടിൽ 2019-20 വർഷം 269833 രൂപ നീക്കിയിരിപ്പുണ്ട്. എന്നാൽ നീക്കിയിരിപ്പിന്റെ വിശദാംശങ്ങൾ ലഭ്യമായിട്ടില്ല. വിശദാംശങ്ങൾ കൃത്യമായി ശേഖരിച്ച് സർക്കാരിലേയ്ക്ക് അടവാക്കാനുള്ള തുകകൾ അവശേഷിക്കുന്നുണ്ടെങ്കിൽ ആയത് അടവാക്കി കൃത്യമായ വിവരം ലഭ്യമാക്കേണ്ടതാണ്.

ഇ-ടെണ്ടർ ഫീ ക്രെഡിറ്റ് ചെയ്ത് ലഭിക്കുന്നതിന് സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യ വടവാതൂർ ശാഖയിൽ (A/c No –37744002293) നിലവിലുള്ള അക്കൗണ്ടിൽ 2019 - 20 വർഷം തനത് ഫണ്ട് പ്രോജക്ടുകളുടെ ചെലവിനായുള്ള തുക ട്രഷറിയിൽ നിന്നും മാറിയത് നിക്ഷേപിച്ചിട്ടുണ്ട്. എന്നാൽ ഇ-ടെണ്ടർ ഫീ നിക്ഷേപിക്കുന്നതിനായി മാത്രം തുടങ്ങിയ പ്രസ്തുത അക്കൗണ്ടിൽ മറ്റിനങ്ങളിലുള്ള തുകയൊന്നും നിക്ഷേപിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-36 കാലി ബാരലുകളുടെ വിലയിൽ നിന്നും ജി എസ് ടി വിഹിതം ബന്ധപ്പെട്ട അക്കൗണ്ടിലേയ്ക്ക് അടവാക്കുന്നില്ല

ടാറിംഗ് പ്രവൃത്തികളുടെ ബില്ലിൽ നിന്നും കാലി ബാരലുകളുടെ വില നേരിട്ട് കുറവ് ചെയ്തു വരുകയാണ് ചെയ്യുന്നത്. എന്നാൽ ഇതോടൊപ്പം സർക്കാരിലേയ്ക്ക് അടവാക്കേണ്ട 18% ജി എസ് ടി ഇപ്രകാരം കുറവ് ചെയ്യുമ്പോൾ ബന്ധപ്പെട്ട ഹെഡിലേയ്ക്ക് അടവാക്കാൻ കഴിയാതെ പോകുന്നു. ആയതിന് സ്വീകരിക്കാവുന്ന പ്രായോഗിക നടപടി വിശദമാക്കേണ്ടതാണെന്നാവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (19/09.03.22) മറുപടി ലഭ്യമാക്കിയില്ല. ജി എസ് ടി വിഹിതം സർക്കാരിലേയ്ക്ക് അടവാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-37 ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്ത വ്യക്തികൾക്ക് ആനുകൂല്യം നൽകിയിരിക്കുന്നു

പ്രോജക്ട് : നമ്പർ 93/20 – വീട് വാസയോഗ്യമാക്കൽ - ജനറൽ

ചെലവ്- 2920000/- രൂപ. [2348000 (വികസന ഫണ്ട്) + 572000 (തനത് ഫണ്ട്)]

പ്രസ്തുത പ്രോജക്ട് പ്രകാരം ഭവന പുനരുദ്ധാരണത്തിനായി 73 ഗുണഭോക്താക്കൾക്ക് 40000 രൂപ വീതം നൽകിയിരിക്കുന്നു. ഹാജരാക്കിയ ഗുണഭോക്തൃ ലിസ്റ്റും അപേക്ഷകളും പരിശോധിച്ചതിൽ താഴെ പറയുന്ന ഗുണഭോക്താക്കൾ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ലയെന്ന് കാണുന്നു.

| ക്രമ നമ്പർ | ഗുണഭോക്താവ് | തുക | ബില്ലിന്റെ/ ചെക്കിന്റെ വിശദാംശങ്ങൾ |
|---|---|---|---|

| | | | |
|---|---|---|---|
| 1 | പി.കെ സുധാകരൻ, വാർഡ്-5, അക്കൗണ്ട് നം-67241256257 | 40000 | ബിൽ നം:31/19-20 തീയതി 25.11.19 തുക-360000 രൂപ. |
| 2 | ഷൈജു മോൻ തങ്കപ്പൻ, വാർഡ്-5 അക്കൗണ്ട് നം-20175134300 | 40000 | ചെക്ക് നം XY-1188295 തീയതി 23.03.20 തുക-80000 രൂപ. |

ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടാത്ത വ്യക്തികൾക്ക് ആനുകൂല്യം നൽകിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.21/09.03.2022) 18.10.2019 തീയതിയിലെ 7(2)-ാം നം. കമ്മറ്റി തീരുമാന പ്രകാരമാണ് പ്രസ്തുത വ്യക്തികളെ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് മറുപടി നൽകിയിരിക്കുന്നു. ഭരണസമിതി തീരുമാനപ്രകാരം ഗുണഭോക്തൃ ലിസ്റ്റിൽ അർഹരായ ആളുകളെ ഉൾപ്പെടുത്തിയാൽ തൊട്ടടുത്ത ഗ്രാമസഭയിൽ അവതരിപ്പിച്ച് അംഗീകാരം തേടേണ്ടതാണ്. എന്നാൽ നാളിതുവരെ അപ്രകാരമുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല. ആയതിനാൽ അടുത്ത ഗ്രാമസഭയിൽ ലിസ്റ്റ് അവതരിപ്പിച്ച് അംഗീകാരം തേടേണ്ടതും തുടർനടപടികൾ അറിയിക്കേണ്ടതുമാണ്. ഗ്രാമസഭയുടെ അംഗീകാരം ലഭിക്കാത്ത സാഹചര്യത്തിൽ ചെലവഴിച്ച 80,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-38 വിവിധ ഏജൻസികളിലെ നിക്ഷേപപ്രവൃത്തികൾ - വിനിയോഗവിവരം ലഭ്യമായില്ല

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി 2019-20 വർഷം വിവിധ ഏജൻസികളിലെ നിക്ഷേപപ്രവൃത്തികൾക്കായി തയ്യാറാക്കി നടപ്പാക്കിയ താഴെ ചേർക്കുന്ന പ്രൊജക്ടുകൾക്ക് എസ്റ്റിമേറ്റ് തയ്യാറാക്കുകയോ ഏജൻസിയുമായി കരാർ ഉറപ്പിക്കുകയോ ചെയ്തിരുന്നില്ല. പ്രവൃത്തി പൂർത്തീകരിച്ച് ബന്ധപ്പെട്ട വർക്കിങ്ങ് ഗ്രൂപ്പിന്റെ മോണിറ്ററിങ്ങ് റിപ്പോർട്ട് ലഭ്യമാക്കിയിരുന്നില്ല. തുക നിക്ഷേപിച്ച ഏജൻസികളിൽ നിന്നും വിനിയോഗസാക്ഷ്യപത്രം ലഭ്യമായിരുന്നില്ല.

| ക്രമ നം. | പ്രൊജക്റ്റ് നം. &പേര് | ഏജൻസി | നിക്ഷേപിച്ച തുക | ചെലവഴിച്ച തുക | ബാലൻസ് |
|---|---|---|---|---|---|
| 1. | Proj No 317/20 , 12-ാം വാർഡിൽ തെരുവുവിളക്ക് സ്ഥാപിച്ച് ലൈൻ വലിക്കൽ | കെഎസ്ഇബി, പുതുപ്പള്ളി | 32380/- ചെക്ക് നം. 395733/ 30.03.2020 | 0 | 32380/- |
| 2. | Proj No 315/20 , ചെമ്മരപ്പള്ളി കുടിവെള്ളപദ്ധതി | ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് | 350000/- ചെക്ക് നം. 1188280/ 26.02.2020 | 342710/- | 7290/-രൂപ |
| 3 | Proj No 112/20 , തെരുവുവിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കൽ (64എണ്ണം) | കെഎസ്ഇബി, പുതുപ്പള്ളി കെഎസ്ഇബി, കോട്ടയം ഈസ്റ്റ് | 540385/- (Bill No 19/26-7-19) 340590/- (Bill No 19/26-7-19) | 0 | 880975/- |
| 4 | Proj No 19/20 , തെരുവുവിളക്കുകൾക്ക് ലൈൻ | കെഎസ്ഇബി, പുതുപ്പള്ളി | 20000/- (Bill No 13/20-8-19) | 0 | 140309 |

| | | | | | |
|---|---|---|---|---|---|
| | ദീർഘിപ്പിക്കൽ & ലൈൻ ഷിഫ്റ്റിങ്ങ് നിക്ഷേപം - | | 120309/- (Bill No 25/15-11-19) | | |
| 5 | Proj No 10/20 , പൊതുടാപ്പുകൾക്ക് പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ നിക്ഷേപം - KWA | വാട്ടർ അതോറിറ്റി | 450000/- (Bill No 26/15-11-19) | 0 | 450000 |
| | ആകെ വിനിയോഗിക്കാനുള്ള തുക | | | | 1510954 |

ക്രമ നം. 2ലെ ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റിന്റെ വിനിയോഗസാക്ഷ്യപത്രം പ്രകാരം ബാലൻസ് തുക 7290/- രൂപ അവശേഷിക്കുന്നു. ടി തുക തിരികെ ലഭ്യാക്കേണ്ടതാണ്. വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കുന്നത് വരെ/തുക തിരിച്ച് അടയ്ക്കുന്നതുവരെ ചെലവഴിച്ച 1510954/- രൂപ തടസ്സപ്പെടുത്തുന്നു. വിനിയോഗസാക്ഷ്യപത്രം, മോണിറ്ററിങ്ങ് റിപ്പോർട്ട് എന്നിവ പരിശോധനയ്ക്കായി ലഭ്യമാക്കേണ്ടതാണ്.

1-39 തൊഴിലുറപ്പ് പദ്ധതി - സാമൂഹ്യ ആസ്തികളുടെ നിർമ്മാണ പ്രവൃത്തികൾക്കുള്ള സാധനസാമഗ്രികൾ -ആർജിക്കുന്നതിൽ വീഴ്ച

എം ജി എൻ ആർ ഇ ജി എസ് പദ്ധതി പ്രകാരം ഓഡിറ്റ് വർഷത്തിൽ മെറ്റീരിയൽ പ്രവൃത്തികൾക്കായി 6.14 ലക്ഷം രൂപ വിനിയോഗിച്ചിട്ടുണ്ട്.

പ്രവൃത്തികൾക്കാവശ്യമായ വിവിധങ്ങളായ മെറ്റീരിയൽ ലഭിക്കുന്നതിന് ഓരോ ഇനത്തിനും ടെണ്ടർ ചെയ്യുകയും, കുറഞ്ഞ തുക ക്വോട്ട് ചെയ്ത കരാറുകാരുമായി കരാർ വച്ച് സാധനങ്ങൾ ശേഖരിക്കുകയുമാണ് ചെയ്തിരിക്കുന്നത്. ലഭ്യമാക്കിയ ഫയൽ പരിശോധിച്ചതിൽ എല്ലാ ഇനങ്ങൾക്കും രണ്ട് ടെണ്ടർ മാത്രം ലഭിച്ചതായും കുറഞ്ഞ ടെണ്ടർ തുക എസ്റ്റിമേറ്റ് നിരക്കായതിനാൽ, എസ്റ്റിമേറ്റ് നിരക്കിൽ എല്ലാ സാധനങ്ങളും കരാർ വച്ച് കൈമാറിയതായും ബോധ്യപ്പെട്ടിട്ടുണ്ട് .

മേല്പറഞ്ഞതിൽ നിന്നും മെറ്റീരിയൽ പ്രവൃത്തികൾക്ക് സാധനങ്ങൾ ശേഖരിക്കപ്പെട്ടത് മത്സരാധിഷ്ഠിതമായല്ലെന്ന് കാണാം. മെറ്റീരിയൽ പ്രവൃത്തികൾ എപ്രകാരം നിർവ്വഹിക്കണമെന്ന് നിർദ്ദേശിച്ചു കൊണ്ടുള്ള 31.1.2012 ലെ 93/2012/തസ്വഭവ നമ്പർ ഉത്തരവിൽ നിഷ്കർഷിക്കുന്ന വിധത്തിൽ സാധനങ്ങൾ സമാഹരിക്കാത്തതാണ് ഇതിലേക്ക് നയിച്ചതെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ലേബർ ബജറ്റും വാർഷിക കർമ്മപദ്ധതിയും അന്തിമമായി ജില്ലാ തലത്തിൽ അംഗീകരിച്ചു കഴിഞ്ഞാൽ ഓരോ അർദ്ധവർഷത്തിൽ/മാസത്തിൽ സാധന സാമഗ്രികൾ/വിദഗ്ദ, അർദ്ധവിദഗ്ദ തൊഴിലാളികൾ എന്നിവ ഉപയോഗിച്ച് നിർവ്വഹിക്കേണ്ട പദ്ധതികളുടെ മുൻഗണന, പഞ്ചായത്തിൽ ഇതിനായി നിയോഗിച്ച സബ്കമ്മിറ്റി നിശ്ചയിക്കേണ്ടതാണെന്ന് മേൽ ഉത്തരവിൽ നിഷ്കർഷിക്കുന്നുണ്ട്. ഗ്രാമപഞ്ചായത്ത് പ്രവൃത്തികൾ അംഗീകരിച്ച് കഴിഞ്ഞാൽ ഉടനെ പ്രവൃത്തികളുടെ വിശദമായ എസ്റ്റിമേറ്റ്, ഇതിനായി നിയോഗിക്കപ്പെട്ട എഞ്ചിനീയറിംഗ് വിംഗ് തയ്യാറാക്കേണ്ടതും, ഓരോ പ്രവൃത്തിക്കും ആവശ്യമായ സാധനങ്ങളുടേയും മനുഷ്യദിനങ്ങളുടേയും അളവ്/എണ്ണം എന്നിവ ഈ എസ്റ്റിമേറ്റ് അടിസ്ഥാനപ്പെടുത്തി കണക്കാക്കേണ്ടതുമാണെന്നും ഉത്തരവിൽ നിഷ്കർഷിക്കുന്നു. ഈ രണ്ട് നടപടികളും പൂർത്തീകരിക്കുമ്പോൾ ഓരോ മാസവും ആവശ്യമായ സാധനങ്ങളുടേയും മനുഷ്യദിനങ്ങളുടേയും വ്യക്തമായ കണക്ക് ലഭിക്കുന്നതാണ്. സാധനങ്ങളുടെ ആവശ്യകത കണക്കാക്കിയതിനു ശേഷം ഇവ ആറുമാസകാലയളവിലേക്ക് വിതരണം ചെയ്യുന്നവരെ തെരെഞ്ഞെടുക്കുന്നതിന്, അവശ്യമായ പരസ്യം നല്കി ക്വട്ടേഷൻ/ടെണ്ടർ നടപടികൾ സ്വീകരിക്കേണ്ടതും വിതരണക്കാരെ തെരെഞ്ഞെടുക്കേണ്ടതുമാണ്. കൂടുതൽ മത്സരക്ഷമതയുള്ള ടെണ്ടർ ലഭിക്കുന്നതിന് ഇ-ടെണ്ടർ നടപടികൾ സ്വീകരിക്കാവുന്നതുമാണ്. ഓരോ മാസവും വിതരണം ചെയ്യേണ്ട സാധനങ്ങളുടെ അളവ്, സ്ഥലം, സ്പെസിഫിക്കേഷൻ, തീയതി തുടങ്ങിയ കാര്യങ്ങൾ സെക്രട്ടറി, ആ മാസം തുടങ്ങുന്നതിനുമുമ്പുള്ള ഒരാഴ്ചയ്ക്കകം തന്നെ തെരെഞ്ഞെടുത്ത സ്ഥാപനങ്ങളെ അറിയിക്കേണ്ടതും, സാധനങ്ങൾ വിതരണം ചെയ്താൽ എഞ്ചിനീയർ അവ ഏറ്റുവാങ്ങി

അളവെടുക്കേണ്ടതുമാണ്. വളരെ സുതാര്യമായതും പരമാവധി സാമ്പത്തിക മെച്ചം ലഭിക്കുന്നതുമായ മേൽ നടപടിക്രമം സ്വീകരിക്കാതെ, ഓരോ പ്രവൃത്തിക്കും ആവശ്യമായ മുഴുവൻ സാധനങ്ങളും ഓരോ കരാറുകാരിൽ നിന്നും എസ്റ്റിമേറ്റ് നിരക്കിൽ വാങ്ങിയത് ഉത്തമസാമ്പത്തിക താല്പര്യത്തോടെയല്ല. അർദ്ധ വർഷത്തിൽ ആവശ്യമായ മൊത്തം സാധനങ്ങൾ വിതരണം ചെയ്യുന്നതിന് ടെണ്ടർ ക്ഷണിക്കുമ്പോൾ ക്വാറി ഉടമകൾ/അംഗീകൃത ഏജൻസികൾ ഓരോ ഇനത്തിനും ഏറ്റവും കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്യാൻ സാധ്യതയുണ്ടെന്നിരിക്കെ, ഈ സാധ്യത പരിഗണിക്കാത്തത് അംഗീകരിക്കാൻ കഴിയുന്ന കാര്യമല്ല. ആയതിനാൽ 2022-23 മുതൽ അർദ്ധവാർഷിക പ്രൊക്യൂർമെന്റ് പ്ലാൻ തയ്യാറാക്കി മാർഗനിർദ്ദേശങ്ങൾക്കനുസൃതമായി മത്സരാധിഷ്ഠിത ടെണ്ടർ നടപടികളിലൂടെ സാധനസാമഗ്രികൾ ആർജിച്ച് പൊതുപ്പണത്തിന്റെ വിനിയോഗത്തിൽ മിതത്വം പാലിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-40 മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി - അപാകതകൾ

2019-2020 സാമ്പത്തിക വർഷത്തിൽ 446 കുടുംബങ്ങൾക്കായി തൊഴിൽ നൽകിയ ആകെ മനുഷ്യദിനങ്ങൾ 27353 ആണ്.ഇതിൽ 100 ദിനങ്ങൾ പൂർത്തിയാക്കിയ 82 കുടുംബങ്ങൾ ഉൾപ്പെടുന്നു. ആകെ 9325062 /- രൂപയുടെ ചെലവ്, ഭൂവികസനം, ജല സംരക്ഷണ പ്രവൃത്തികൾ എന്നിവയ്ക്കായാണ് മുഖ്യമായും വിനിയോഗിച്ചത്.

രേഖകളുടെ / ഫയലുകളുടെ പരിശോധന- ഓഡിറ്റ് നിരീക്ഷണങ്ങൾ

1. ഓഡിറ്റ് കാലയളവിലെ കാലിതൊഴുത്ത്, ആട്ടിൻകൂട്, കോഴിക്കൂട് തുടങ്ങിയ നിർമ്മാണ പ്രവൃത്തികൾ, സാമൂഹ്യ ആസ്തികളുടെ നിർമ്മാണ പ്രവൃത്തികൾ തുടങ്ങിയവയുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ ചുവടെ സൂചിപ്പിച്ചിരിക്കുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

A. സ്കിൽഡ്/സെമി സ്കിൽഡ് തൊഴിലാളികൾക്ക് നൽകുന്ന വേതനത്തിന്റെ വിവരങ്ങൾ മസ്റ്റർ റോളിൽ ഉൾപ്പെടുത്തുന്നില്ല . എസ്റ്റിമേറ്റിൽ സ്കിൽഡ്/സെമി സ്കിൽഡ് തൊഴിലാളികൾക്ക് നൽകേണ്ട തുക ഉൾപ്പെടെയാണ് കണക്കാക്കിയിരിക്കുന്നത് .ആയതിന്റെ അടിസ്ഥാനത്തിലാണ് എം ബുക്കിൽ അളവുകൾ രേഖപ്പെടുത്തി തുക തിട്ടപ്പെടുത്തിയിരിക്കുന്നത്. എന്നാൽ വിദഗ്ദ്ധ/അവിദഗ്ദ്ധ തൊഴിലാളികൾക്ക് നൽകേണ്ട തുക ആർക്കാണ് നൽകിയത് എന്നോ എപ്രകാരമാണ് ക്രമീകരിച്ചത് എന്നോ മനസ്സിലാകാൻ ആവശ്യമായ ഒരു രേഖകളും ഫയലിന്റെ ഒപ്പം ഉൾപ്പെടുത്തിയിട്ടില്ല . മാത്രമല്ല സ്കിൽഡ്/സെമി സ്കിൽഡ് തൊഴിലാളികൾക്ക് നൽകിയ തുക , മെറ്റീരിയലിന് നൽകിയ തുക എന്നിവയും വേർതിരിച്ച് രേഖപ്പെടുത്തിയിട്ടില്ല. അൺസ്കിൽഡ് തൊഴിലാളികൾക്ക് വേതനം നൽകിയ വിവരം മാത്രമാണ് മസ്റ്റർ റോളിൽ ഉൾപ്പെടുത്തിയിട്ടുള്ളത് .

B. മെറ്റീരിയൽ വാങ്ങിയതിന്റെ ബില്ലുകൾ ഫയലിന് ഒപ്പം ഇല്ല. ലഭിച്ച മെറ്റീരിയൽ സംബന്ധിച്ച് യാതോരു വിവരവും എം ബുക്കിലോ ഫയലിലോ രേഖപ്പെടുത്തിയിട്ടില്ല .

C.ഗ്രാമപഞ്ചായത്തിലെ സെക്രട്ടറി/അസിസ്റ്റൻറ് സെക്രട്ടറി യാതൊരു തരത്തിലുള്ള പരിശോധനയും ഒരു ഘട്ടങ്ങളിലും നടത്തിയതായി കാണുന്നില്ല .

D.എം ബുക്കിൽ മെമ്മോറാണ്ടം ഓഫ് പെയ്മെന്റ് വിവരം ഉൾപ്പെടുത്താത്തതിനാൽ ചെലവ് വിവരത്തിന്റെ കൃത്യതയും പരിശോധിക്കാൻ കഴിഞ്ഞില്ല .

2. പ്രവൃത്തികളുടെ എസ്റ്റിമേറ്റ് റിപ്പോർട്ടുകൾ തയ്യാറാക്കാതെ ഡീറ്റെയിൽഡ് എസ്റ്റിമെറ്റ് തയ്യാറാക്കുന്നു.

3.സ്ഥലത്തിന്റെ ആകെ വിസ്തൃതിയിൽ (കരം രസീത് പ്രകാരം) നിന്നും പ്രവൃത്തി നടത്തിയ വിസ്തൃതിയുടെ വിശദാംശങ്ങൾ സൂക്ഷിക്കുന്നില്ല.

4.നടത്തിയ പ്രവൃത്തികളുടെ വിവരം ഇനം തിരിച്ച് ഭൂവുടമസ്ഥരിൽ നിന്നും /മേറ്റുമാരിൽ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല.

5. പ്രവൃത്തികളുടെ അന്തിമ മൂല്യനിർണ്ണയത്തിന് അടിസ്ഥാനമാക്കിയ അളവുകൾ തെളിയിക്കുന്ന രേഖകൾ ഇല്ല.

6.റോഡ് നിർമ്മാണം ,കിണർ , തൊഴുത്ത് നിർമ്മാണം , MCF നിർമ്മാണം എന്നീ മെറ്റീരിയൽ പ്രവൃത്തികളുമായി ബന്ധപ്പെട്ട എല്ലാ പ്രോജക്ട് ഫയലുകളിലും തൊഴിലുറപ്പ് തൊഴിലാളികളുടെ പങ്കാളിത്തം ഉറപ്പാക്കുന്ന ഫോട്ടോകൾ ഉൾപ്പെടുത്തിയിട്ടില്ല. . അതിനാൽ മസ്റ്റർ റോളുകളുടെ കൃത്യത , സുതാര്യത എന്നിവ ഉറപ്പാക്കുന്നതിന് പ്രാപ്തമല്ല.
7.നിർമ്മാണ പ്രവർത്തികൾക്കുള്ള സാധന സാമഗ്രികളുടെ വാങ്ങലും സംഭരണവും വിനിയോഗവും സംബന്ധിച്ച് 31.03.2012- ലെ സർക്കാർ ഉത്തരവ് (കൈ) 93/2012/ത.സ്വ. ഭവ നമ്പർ ഉത്തരവിലെ നിർദ്ദേശങ്ങൾ കൃത്യമായി പാലിയ്ക്കുന്നില്ല.
8.സൈറ്റ് ഡയറിയിലെ രേഖപ്പെടുത്തൽ പരിമിതമായതിനാൽ, പ്രവൃത്തികളുടെ പുരോഗതി വിലയിരുത്തുന്നതിന് പര്യാപ്തമല്ല.
9.ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.
10.എം ബുക്കിന് നമ്പർ രേഖപ്പെടുത്തിയിട്ടില്ല

ഉദ്യോഗസ്ഥതല /ഭരണതല വീഴ്ചകൾ

1.തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 10/06/2013 - ലെ ഉത്തരവ്(എം.എസ്. ) നം.218/2013 പ്രകാരമാണ് ഗ്രാമപഞ്ചായത്തുകളിലെ അസിസ്റ്റന്റ് സെക്രട്ടറിയ്ക്ക് തൊഴിലുറപ്പ് പദ്ധതി നിർവ്വഹണ ഉദ്യോഗസ്ഥൻ എന്ന ചുമതല നൽകിയത്. ഇതിൽ തൊഴിലാളി ഗ്രാമ സഭയുടെ സംഘാടനം, പ്രവൃത്തികളുടെ മേൽ നോട്ടം, അളവിന്റെ പരിശോധന എന്നിവ ഉൾപ്പെടുന്നു. ഗ്രാമപഞ്ചായത്തിലെ സെക്രട്ടറി/അസിസ്റ്റന്റ് സെക്രട്ടറി യാതൊരു തരത്തിലുള്ള പരിശോധനയും ഒരു ഘട്ടങ്ങളിലും നടത്തിയതായി കാണുന്നില്ല. കൃത്യനിർവ്വഹണത്തിലെ വീഴ്ച ഇവിടെ വ്യക്തമാണ്. ആയത് പരിഹരിക്കപ്പെടേണ്ടതാണ്.

2.ഗ്രാമസഭകൾ കൂടി അതിന്റെ പരിധിയിൽ വരുന്ന എല്ലാ പദ്ധതികളുടേയും മേൽനോട്ടം, സാമൂഹിക പരിശോധന, സോഷ്യൽ ഓഡിറ്റ് എന്നിവ നിർവ്വഹിക്കുന്നില്ല.

3.വാർഡ് തലത്തിൽ വിജിലൻസ് ആന്റ് മോണിറ്ററിംഗ് കമ്മിറ്റി പ്രവർത്തിക്കുന്നില്ല.

4.,എസ്റ്റിമേറ്റിന്റെ വിവരം, ആവശ്യമായ തൊഴിൽ ദിനങ്ങൾ, പണിചെയ്യുന്നവരുടെ എണ്ണം എന്നിവ തൊഴിലാളിയുടെ പൊതു ജനത്തിന്റെ അറിവിലേയ്ക്കായി എഴുതി പ്രദർശിപ്പിക്കുന്നില്ല.

5.ബ്ലോക്ക് പ്രോഗ്രാം ഓഫീസർ, ജില്ലാ പ്രോഗ്രാം കോ-ഓർഡിനേറ്റർ എന്നിവരുടെ ചുമതലയിൽ പെടുന്ന പ്രവൃത്തികളുടെ പരിശോധനകൾ നടത്തുന്നില്ല.

6.തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ ജി. ഒ.(എം. എസ്. ) 305/2010 തീ.21.2.2010 ഉത്തവിലെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ രൂപീകരിച്ച സോഷ്യൽ ഓഡിറ്റ് സെന്ററിന്റെ പ്രവർത്തനം കാര്യക്ഷമമല്ല.

മേൽ അപാകതകൾക്ക് വിശദീകരണം നൽകണമെന്ന് ആവശ്യപ്പെട്ടു കൊണ്ട് നൽകിയ അന്വേഷണക്കുറിപ്പിന് ( നം- 17/ 09.03.2022) അപാകതകൾ പരിഹരിക്കുന്നതാണെന്ന് മറുപടി നൽകി. ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ മേൽനോട്ട ചുമതലയുള്ള അസി.സെക്രട്ടറിയുടെയും, ബ്ലോക്ക് തലത്തിലുള്ള ഉദ്യോഗസ്ഥരുടെയും മേൽനോട്ടം ഒരു ഘട്ടത്തിലും ഉണ്ടാകാതിരുന്നതാണ് ഇത്തരം അപാകതകൾ ഉണ്ടാകാൻ കാരണം എന്ന് ഓഡിറ്റ് വിലയിരുത്തുന്നു. മേൽ വിഷയം ഭരണ സമിതി, വികസന സ്റ്റാൻഡിംഗ് കമ്മറ്റി എന്നിവരുടെ അടിയന്തിര ശ്രദ്ധയ്ക്കും തുടർ നടപടികൾക്കുമായി കൊണ്ടുവരുന്നു. അപാകതകൾ ആവർത്തിക്കാതിരിക്കാൻ കർശന നടപടി സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-41 തൊഴിലുറപ്പുപദ്ധതി - എം ബുക്കിൽ അധികമായി അളവ് രേഖപ്പെടുത്തി കൂടുതൽ തുക അനുവദിച്ചു

തൊഴിലുറപ്പുപദ്ധതിയിൽപ്പെടുത്തി ചെയ്ത കാരിക്കോട്ട് പടി പ്ലാത്തിപടി നടപ്പാത കോൺക്രീറ്റിംഗ് പ്രവൃത്തിക്ക് എം ബുക്കിൽ അധികമായി അളവ് രേഖപ്പെടുത്തി കൂടുതൽ തുക അനുവദിച്ചു . ആ പ്രവൃത്തിയ്ക്ക്

ഉപയോഗിച്ച അളവു പുസ്തകം (നമ്പർ രേഖപ്പെടുത്തിയിട്ടില്ല) പേജ് 2 പ്രകാരം കോൺക്രീറ്റിംഗ് നടത്തുന്നതിനായി സർഫസ് ക്ലിയർ ചെയ്തിരിക്കുന്നത് (കോഡ് - 2.28.1 ) 144.6 M2 ഭാഗമാണ് . എന്നാൽ 568.35 M2 ഭാഗം സർഫസ് ക്ലിയർ ചെയ്തതായി കാണിച്ചാണ് തുക അനുവദിച്ചിരിക്കുന്നത്. വിശദാംശം ചുവടെ കൊടുക്കുന്നു.

| | |
|---|---|
| പ്രവൃത്തി | കാരിക്കോട്ട് പടി പ്ലാത്തിപടി നടപ്പാത കോൺക്രീറ്റിംഗ് |
| അളവു പുസ്തകം | നമ്പർ രേഖപ്പെടുത്തിയിട്ടില്ല |
| അളവു പുസ്തകം പേജ് നം | പേജ് 2 |
| അളവു പുസ്തക പ്രകാരം സർഫസ് ക്ലിയർ ചെയ്തത് | 144.6 $M^2$ |
| തുക അനുവദിച്ചിരിക്കുന്നത് | 568.35 $M^2$ ഭാഗത്തിന് |
| അനുവദനീയമായ തുക | 144.6 $M^2$ @9.487 = 1372 |
| അനുവദിച്ച തുക | 568.35 $M^2$ @9.487 = 5392 |
| അധികം നൽകിയത് | 5392- 1372 = 4020 |
| ചെലവു വിവരം | 32002900/12-03-2020 രൂപ 124838/- |

തുക അധികം നൽകിയതിന് വിശദീകരണം ലഭ്യമാക്കാൻ നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (ഓഡിറ്റ് എൻക്വയറി നം -20/09.03.2022) മറുപടി നൽകിയില്ല. എന്നാൽ എം ബുക്കിൽ കോഡ് - 2.28.1 (സർഫസ് ക്ലിയർ ചെയ്തത് ) ൽ തെറ്റായി രേഖപ്പെടുത്തിയിരുന്ന അളവായ 568.35 $M^2$ എന്നതിൽ തിരുത്തൽ വരുത്തി 144.6 $M^2$ എന്ന് മാറ്റുകയും ഇത്തരത്തിൽ മാറ്റം വരുത്തിയപ്പോൾ കുറവ് വന്ന തുക, കോഡ് - 16.42 (കോൺക്രീറ്റിംഗ് ) ലെ അളവുകളിൽ അഡ്ജസ്റ്റ് ചെയ്ത് എഴുതി ക്രമീകരിക്കുകയും ചെയ്ത് പരിശോധനയ്ക്ക് പിന്നീട് കൊണ്ടുവന്നു. എം ബുക്കിൽ കൃത്രിമം കാണിച്ച് ലഭ്യമാക്കിയതായാണ് ഓഡിറ്റ് ഈ സംഭവത്തെ വിലയിരുത്തുന്നത്. എം ബുക്കിൽ കൃത്രിമം കാണിച്ചപ്പോൾ സർഫസ് ക്ലിയർ ചെയ്യാത്ത സ്ഥലത്തും കോൺക്രീറ്റിംഗ് നടത്തി എന്നതാണ് എം ബുക്ക് പ്രകാരമുള്ള നിലവിലെ അവസ്ഥ. ഇത് ഒരിക്കലും അംഗീകരിക്കാൻ കഴിയുന്നതല്ല . ഫയലിന് ഒപ്പം അൺസ്കിൽഡ് തൊഴിലാളികൾക്ക് വേതനം നൽകിയ വിവരം മാത്രമാണ് മസ്റ്റർ റോളിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. മെറ്റീരിയൽ വാങ്ങിയതിന്റെ ബില്ലുകൾ ഫയലിന് ഒപ്പം സൂക്ഷിക്കുന്നുമില്ല. ലഭിച്ച മെറ്റീരിയൽ സംബന്ധിച്ച് യാതൊരു വിവരവും എം ബുക്കിലോ, ഫയലിലോ രേഖപ്പെടുത്തിയിട്ടുമില്ല. എം ബുക്കിൽ മെമ്മോറാണ്ടം ഓഫ് പെയ്മെന്റ് വിവരം ഉൾപ്പെടുത്താത്തതിനാൽ ചെലവ് വിവരത്തിന്റെ കൃത്യതയും പരിശോധിക്കാൻ കഴിഞ്ഞില്ല.

മേൽ വിഷയം ഭരണ സമിതി, വികസന സ്റ്റാൻഡിംഗ് കമ്മറ്റി എന്നിവരുടെ അടിയന്തിര ശ്രദ്ധയ്ക്കും തുടർ നടപടികൾക്കുമായി കൊണ്ടുവരുന്നു. ഈ വിഷയത്തിന്മേൽ വിശദീകരണം ലഭ്യമാക്കേണ്ടതും അധികം നൽകിയ 4020 രൂപ ഉത്തരവാദിയായ തൊഴിലുറപ്പ്പദ്ധതി ഓവർസിയർ ശിശിര മറിയം ജീസസ്സിൽ നിന്നും തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ് .

## 1-42 സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് സ്ഥാപിക്കൽ - അപാകതകൾ

ദേശീയ ഗ്രാമ വികസന മന്ത്രാലയത്തിന്റെ 7.4.2017 ലെ സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് സ്ഥാപിക്കൽ നിർദ്ദേശങ്ങൾ പ്രകാരം 2017-18 മുതലുള്ള എല്ലാ പ്രവൃത്തികളിലും സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് സ്ഥാപിക്കൽ നിർബന്ധമാക്കിയിട്ടുണ്ട്. ഗ്രാമവികസന മന്ത്രാലയം പുറത്തിറക്കിയ ആന്വൽ മാന്വൽ സർക്കുലർ 2019 - 20 ലും ഇത് സംബന്ധിച്ച നിർദ്ദേശം നൽകിയിട്ടുണ്ട്. ഭിത്തി ലഭ്യമായ പ്രവൃത്തികളിൽ പെയിന്റ് ചെയ്തും അല്ലാത്തവയിൽ ഫലകത്തിന്റെ രൂപത്തിലും ബോർഡ് സ്ഥാപിക്കാം. വ്യക്തിഗത പ്രൊജക്ടുകൾക്ക് പരമാവധി 3000 രൂപയും കമ്മ്യൂണിറ്റി

പ്രൊജക്ടുകൾക്ക് പരമാവധി 5000 രൂപയും ബോർഡ് സ്ഥാപിക്കുന്നതിന് ചെലവഴിക്കാം.

എന്നാൽ വിജയപുരം പഞ്ചായത്തിൽ നടപ്പാക്കിയ പ്രവൃത്തികളിൽ ഓരോ വർക്കിനും ബോർഡ് പ്രത്യേകമായി പർച്ചേസ് നടത്തുകയാണ് ചെയ്തിട്ടുള്ളത് .ഒരു വർഷത്തേക്ക് ആവശ്യമുള്ളവയ്ക്കായി ക്വട്ടേഷൻ നടപടികൾ മുഖേന വാങ്ങൽ നടത്തിയതായി കാണുന്നില്ല . കൂടാതെ പ്രവൃത്തികളുടെ ഫയലിന്റെ കൂടെ ബോർഡിന്റെ ഫോട്ടോ സൂക്ഷിക്കണമെന്ന് നിർദ്ദേശമുണ്ട്. എന്നാൽ ഒരു ഫയലിലും ഫോട്ടോ സൂക്ഷിച്ചിട്ടില്ല . ഓരോ വർക്കിനും ബോർഡ് പ്രത്യേകമായി പർച്ചേസ് ചെയ്യാതെ ഒരു വർഷത്തേക്ക് ആവശ്യമുള്ളവയ്ക്കായി ക്വട്ടേഷൻ നടപടികൾ മുഖേന വാങ്ങൽ നടത്താൻ ശ്രദ്ധിക്കേണ്ടതാണ്. പ്രവൃത്തികളുടെ ഫയലിന്റെ കൂടെ ബോർഡിന്റെ ഫോട്ടോ സൂക്ഷിക്കണമെന്ന നിർദ്ദേശവും പാലിക്കേണ്ടതാണ് .

1-43 കന്നുകുട്ടി പരിപാലന പദ്ധതി- അപാകതകൾ

| | |
|---|---|
| പ്രോജക്ട് | കന്നുകുട്ടി പരിപാലനപദ്ധതി (16/19-20) |
| ചെലവ് | 250000(വികസന ഫണ്ട് ജനറൽ) |
| നിർവ്വഹണോദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ |
| ബിൽ നം | 1/19-20 03.10.19 |

ഗ്രാമപഞ്ചായത്തിന്റെ 2019-20 വാർഷിക പദ്ധതിയിൽ നടപ്പാക്കിയതാണ് മേൽ പദ്ധതി. പദ്ധതി നടത്തിപ്പിനായി പഞ്ചായത്ത് വിഹിതം 250000 രൂപ വികസന ഫണ്ടിൽ നിന്നും പിൻവലിച്ച് കോട്ടയം കാഫ് ഫീഡ് സബ്സിഡി പ്രോഗ്രാം അസിസ്റ്റന്റ് ഡയറക്ടറുടെ അക്കൗണ്ടിലേക്ക് നൽകിയിട്ടുണ്ട്. പ്രോജക്ട് നടത്തിപ്പിൽ താഴെ ചേർക്കുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

1. വടവാതൂർ ക്ഷീരോൽപ്പാദക സംഘത്തെയാണ് കാലിത്തീറ്റ വിതരണത്തിനായി തെരഞ്ഞെടുത്തത്. വിതരണ രജിസ്റ്റർ പരിശോധിച്ചതിൽ നാരായണൻ എ.എസ്, പടിഞ്ഞാറേകോട്ടുമാമി എന്ന ഗുണഭോക്താവ് 03/2021 മുതൽ കാലിത്തീറ്റ വാങ്ങിയതായി കണ്ടില്ല. ടിയാന്റെ കിടാരിക്ക് വേണ്ടി കാലിത്തീറ്റ ആവശ്യമില്ലാത്ത പക്ഷം വികസനഫണ്ടിൽ നിന്നും അനുവദിച്ച തുക തിരികെ അടയ്ക്കേണ്ടതാണ്.

2.പദ്ധതിയുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

അപാകതകളുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (12/08.03.22) മറുപടി ലഭ്യമാക്കിയില്ല. അപാകതകൾ പരിഹരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. വിനിയോഗസാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ പ്രോജക്ടിനായി ചെലവഴിച്ച 250000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യ പത്രിക-ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

വിജയപുരം ഗ്രാമപഞ്ചായത്തിന്റെ 2019-20 വാർഷിക ധനകാര്യപത്രിക പഞ്ചായത്ത് ഭരണസമിതി 28.05.2020-ലെ 3 നം. തീരുമാന പ്രകാരം അംഗീകരിച്ച് ലഭ്യമാക്കിയിരുന്നു. ധനകാര്യ പത്രിക ഓഡിറ്റ് സമയത്ത് 05/03/2022-ൽ പരിശോധിച്ച് വിശേഷണങ്ങളോട് കൂടിയ സാക്ഷ്യപത്രം അനുബന്ധം-1 ആയി ചേർത്തിട്ടുണ്ട്. സർക്കാർ ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം അനുബന്ധം-2 ആയി ചേർത്തിരിക്കുന്നു. ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീപ്റ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, 31/03/2021-ലെ ബാലൻസ് ഷീറ്റ് എന്നിവയുടെ സംക്ഷിപ്തം യഥാക്രമം അനുബന്ധം-3,4,5 ആയി ചേർത്തിരിക്കുന്നു.

### 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം

2019-20 ൽ സംയുക്ത പ്രോജക്ടിനായി പള്ളം ബ്ലോക്ക് പഞ്ചായത്ത്, കോട്ടയം ജില്ലാ പഞ്ചായത്ത് എന്നീ സ്ഥാപനങ്ങളിൽ നിന്ന് ലഭിച്ചതിന് ഫണ്ടിന്റെ വിനിയോഗം സുലേഖ ചെലവ് പത്രിക പ്രകാരമുള്ളത് പ്രോജക്ട് തിരിച്ച് ചുവടെ ചേർക്കുന്നു.2019-20 ധനകാര്യപത്രിക പ്രകാരം 1504920/- ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി വരവായിട്ടുണ്ടെങ്കിലും മേൽ തുക വിനിയോഗിക്കുന്നതിനായി പ്രോജക്ടുകൾ വിഭാവനം ചെയ്തിട്ടില്ല.

| വിഹിതം നല്കിയ സ്ഥാപനം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാക്കി |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 25900 | സമഗ്രനെൽകൃഷിവികസനം | 25900 | 0 |
| ആകെ | 25900 | | 25900 | 0 |
| ജില്ലാ പഞ്ചായത്ത് | 124950 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള സ്കോളർഷിപ്പും ബത്തയും | 124950 | 0 |
| ആകെ | 124950 | | 124950 | 0 |

### 4-3 ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

2019-20 വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് ഡെപോസിറ്റ് ചെയ്തിട്ടുണ്ട്. സുലേഖ ചെലവ് പത്രിക പ്രകാരം മുൻകൂർ നൽകിയിട്ടുള്ള തുകകളുടെ വിശദാംശം താഴെ ചേർക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര്(പ്രോജക്ട് നം.) | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| കെഎസ്ഇബി | Proj No 317/20 , 12-ാം വാർഡിൽ തെരുവുവിളക്ക് സ്ഥാപിച്ച് ലൈൻ | 32380/- | 0 | 32380/- |

| | | | | |
|---|---|---|---|---|
| | വലിക്കൽ | | | |
| ഭൂജലവകുപ്പ് | Proj No 315/20 , ചെമ്മരപ്പള്ളി കുടിവെള്ളപദ്ധതി | 350000/- | 342710 | 7290 |
| കെഎസ്ഇബി | Proj No 112/20 , തെരുവുവിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കൽ | 880975 | 0 | 880975 |
| കെഎസ്ഇബി | Proj No 19/20 , തെരുവുവിളക്കുകൾക്ക് ലൈൻ ദീർഘിപ്പിക്കൽ & ലൈൻ ഷിഫ്റ്റിങ്ങ് | 140309 | 0 | 140309 |
| കേരള വാട്ടർ അതോറിട്ടി | Proj No 10/20 , പൊതുടാപ്പുകൾക്ക് പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 450000 | 0 | 450000 |
| | ആകെ | 1853664 | 342710 | 1510954 |

4-4 മൊബിലൈസേഷൻ അഡ്വാൻസ്

2019-20 ധനകാര്യ പത്രിക പ്രകാരം തൻവർഷം മൊബിലൈസേഷൻ അഡ്വാൻസ് ഇനത്തിൽ പഞ്ചായത്ത് ഫണ്ടിൽ നിന്നും തുകകൾ ഒന്നും നല്കിയിട്ടില്ല.

4-5 വായ്പ/വായ്പ തരിച്ചടവ്

2019-20 ധനകാര്യ പത്രിക പ്രകാരം തൻവർഷം വായ്പ/വായ്പ തരിച്ചടവ് ഇനത്തിൽ തുകകൾ ഒന്നും ഇല്ല

4-6 സ്ഥിരനിക്ഷേപങ്ങൾ

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപ കണക്കുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 25,000,000/- |
| തൻവർഷം നിക്ഷേപിച്ച തുക | 0 |
| ആകെ | 25,000,000/- |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| 31/03/2019-ൽ അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 25,000,000/- |

| നിക്ഷേപത്തിന്റെ വിവരം (നം./തീയതി) | സ്ഥിരനിക്ഷേപ അക്കൗണ്ട് നം. | നിക്ഷേപിച്ച തുക | ബാങ്ക്/ ട്രഷറി | കാലാവധി (Due Date) | പലിശ % | 2019-20 പലിശ |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| Term Deposit Certifiacte No. 572017 /07.02.2020 | TFD 799010500931175 | 1.5 കോടി | സബ് ട്രഷറി കോട്ടയം | 07.02.2021 | 7.5 % (7.2.2020 മുതൽ പലിശ നിരക്ക് 8.5%) | 1137534 |
| Term Deposit Certifiacte No. 572016/ 07.02.2020 | TFD 799010500931130 | 1 കോടി | സബ് ട്രഷറി കോട്ടയം | 07.02.2021 | 7.5 % (7.2.2020 മുതൽ പലിശ നിരക്ക് 8.5%) | 758357 |
| | | | | | ആകെ | 1895891/- |

2019-20 ലെ പലിശ തുകയായ 1895891/- രൂപ 708021400000007 ട്രഷറി അക്കൗണ്ടിലാണ് ക്രെഡിറ്റ് ചെയ്തിരിക്കുന്നത്.

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 5520 /- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2014-15 | 2-3 | 150/- | നീന കെ ആർ, എംജിഎൻആർജിഎസ് | 119010101931 /25.06.2019 |
| 2014-15 | 2-3 | 250/- | വിൽസൺ തോമസ്, അദ്ധ്യാപക അർബൻ കോ-ഓപ്പറേറ്റീവ് ബാങ്ക് | 119010101937 /25.06.2019 |
| 2014-15 | 2-3 | 250/- | സന്തോഷ് സി എബ്രഹാം, അദ്ധ്യാപക അർബൻ കോ-ഓപ്പറേറ്റീവ് ബാങ്ക് | 119010101938/ 25.06.2019 |
| 2014-15 | 2-3 | 250/- | ഷൈനി ജെ , പി എച്ച് സി പാറമ്പുഴ | 119010101981/ 25.06.2019 |
| 2014-15 | - | 2310/- | ശാന്തിമന്ദിരം ആയുർവേദം | 119010108914/ 31.03.2020 |
| 2014-15 | - | 2310/- | ശാന്തിമന്ദിരം ആയുർവേദം | 119010108915/ 31.03.2020 |

പഞ്ചായത്തിൽ ഓഡിറ്റ് റിക്കവറി രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. സാമ്പത്തിക വർഷം തിരിച്ച് ഓഡിറ്റ് റിക്കവറി ഇനത്തിൽ ലഭിക്കുന്ന തുകകളുടെ വിവരം രജിസ്റ്റർ തയ്യാറാക്കി റിക്കവറിക്ക് ആധാരമായ ഓഡിറ്റ് റിപ്പോർട്ട് വർഷം, ഖണ്ഡിക, ഒടുക്കിയ ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും, ഒടുക്കിയ രസീത് നം./തീയതി തുടങ്ങിയ എല്ലാ വിശദാംശവും ഉൾപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. ലെഡ്ജർ പ്രകാരമുള്ള വിവരങ്ങളാണ് ഖണ്ഡികയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

വിജയപുരം ഗ്രാമപഞ്ചായത്തിന്റെ മുൻവർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1994-ലെ കേരള

ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ ഇല്ല..

4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1996-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം-20 പ്രകാരം ചാർജ്/സർച്ചാർജ് നടപടികൾ നിലനിൽക്കുന്ന ഖണ്ഡികകൾ ഇല്ല.

4-10 ഓഡിറ്റ് പ്രത്യവലോകനം

*(എ) സംക്ഷിപ്ത വിവരം*

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 75184377 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 76606070 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 0 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1870668 |

*(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം*

*ഇല്ല*

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-25 | 29714 | ശ്രീമതി ബിന്ദു.പിവി, സെക്രട്ടറി |
| 1-37 | 40000 | ശ്രീമതി ഉമാ എസ്., വി.ഇ.ഒ. |
| 1-37 | 40000 | ശ്രീ.രതീഷ് പി.ആർ., വി.ഇ.ഒ. |
| 1-38 | 15,10,954 | ശ്രീമതി ബിന്ദു.പിവി, സെക്രട്ടറി |
| 1-43 | 250000 | ഡോ.മെർലിൻ അലക്സാണ്ടർ, വെറ്ററിനറി സർജൻ |
| | 1870668 | |

*(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം*

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ –

1-20, 1-21

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

വ്യക്തമായ നഷ്ടം ഇല്ല.

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നിന്നും മുൻവർഷങ്ങളിൽ പുറപ്പെടുവിച്ച ഓഡിറ്റ് റിപ്പോർട്ടുകളിൽ 31/02/2022 തീയതി വരെ തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെയും പ്രസ്തുത റിപ്പോർട്ടുകൾ സംബന്ധിച്ച് അവസാനമായി പുറപ്പെടുവിച്ച അനന്തരക്കുറിപ്പ്/റിപ്പോർട്ട്, തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1990-91 &1991-92 | എൽ.എഫ്.കെ.പി3-809/95/ 05.01.1996 | - |
| 1992-93,1993-94, 1994-95,1995-96 | എൽ.എഫ്.കെ.പി12-1949(1)/2019 /13.07.2020 | 1 |
| 1998-99(ചെലവ്) | എൽ.എഫ്.കെ.പി11-730/അദാ/14/ 28.11.2014 | 4 |
| 1998-99(വരവ്) | എൽ.എഫ്.കെ.പി11-699/അദാ/14/ 28.03.2015 | 1 |
| 1999-00(ചെലവ്) | കെ.എസ്.എ-കെ.ടി.എം.പി12(അദാ-2018)-53(3)/18/ 19.02.2018 | 22 |
| 2000-01 & 2001-02(Plan) | എൽ.എഫ്.കെ.പി11-730/അദാ/14/ 07.01.2015 | 5 |
| 2004-05 | കെ.എസ്.എ-കെ.ടി.എം.പി12(അദാ-2018)-53(4)/18/ 19.02.2018 | 6 |
| 2005-06 | കെ.എസ്.എ-കെ.ടി.എം.പി12(അദാ-2018)-53(5)/18/ 19.02.2018 | 4 |
| 2006-07 | കെ.എസ്.എ-കെ.ടി.എം.പി12/13/2020 തീയതി 10.02.2020 | 6 |
| 2007-08 | എൽ.എഫ്.കെ.പി1-960/അദാ /J1/11(11)/ 22.08.2011 | 16 |
| 2008-09 | എൽ.എഫ്.കെ.പി11-272/12/ 10.01.2013 | 5 |
| 2009-10 | എൽ.എഫ്.കെ.പി11-273/12/ 10.01.2013 | 12 |

| | | |
|---|---|---|
| 2010-11 | കെ.എസ്.എ-കെ.ടി.എം.പി12(അദാ-2018)-53(7)/18/ 16.02.2018 | 23 |
| 2011-12 | എൽ.എഫ്.കെ.പി11-957/13/ 10.02.2014 | 19 |
| 2012-13 | കെ.എസ്.എ-കെ.ടി.എം.പി11-1084/15/ 11.09.2015 | 19 |
| 2013-14 | കെ.എസ്.എ-കെ.ടി.എം.പി11-781/16/ 18.08.2016 | 18 |
| 2014-15 | കെ.എസ്.എ-കെ.ടി.എം.പി12/1370/17/ 30.05.2017 | 29 |
| 2015-16 | കെ.എസ്.എ-കെ.ടി.എം.പി12/599/17/ 18.12.2017 | 33 |
| 2016-17 | കെ.എസ്.എ-കെ.ടി.എം.പി12-1476/17/ 28.12.2017 | 21 |
| 2017-18 | കെ.എസ്.എ-കെ.ടി.എം.പി12-1270/19/ 26.4.2019 | 15 |
| 2018-19 | കെ.എസ്.എ-കെ.ടി.എം.പി12-186/2020/ 21.07.2020 | 18 |

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ)
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കോട്ടയം ജില്ലയിലെ വിജയപുരം ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോട്ടയം ജില്ലയിലെ വിജയപുരം ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്